# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSATVM BP/772/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) അസി.ഡെവലെപ്പ്മെന്റ്, കമ്മീഷണർ, തിരുവനന്തപുരം
3) കാര്യാലയ പകർപ്പ്

നമ്പർ: KSATVM BP/772/2022 തീയ്യതി: 07/06/2022

## തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 05-04-2022 | 12-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-04-2022 | 12-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ശോശാമ്മ എസ്, ഓഡിറ്റ് ഓഫീസർ,
ശ്രീമതി ആശ. ജി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബിന്ദുലത. ബി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു. എസ്. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബി ആർ സലൂജ | ചെയർപേഴ്സൺ | 01-04-2020 | 05-11-2021 |
| അഡ്മിനിസ്ട്രേറ്റീവ് ഭരണം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2020 | 22-11-2020 |
| അഡ്വ. എസ് കെ ബെൻ ഡാർവിൻ | പ്രസിഡന്റ് | 23-11-2020 | 31-03-2021 |
| ശ്രീ. കെ രാജേന്ദ്രൻ | സെക്രട്ടറി | 01-04-2020 | 31-01-2021 |
| ശ്രീ. വി സുരേന്ദ്രൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 11-02-2021 |
| ശ്രീ. അജയ് രാജ് എസ് | സെക്രട്ടറി | 12-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാം വിദ്യാനാഥ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 07-01-2021 |
| ശ്രീ. രാജേഷ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-01-2021 | 31-03-2021 |
| ശ്രീ. ജ്യോതിസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ബി ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് ഡയറക്ടർ ആന്റ് സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് പാറശ്ശാല | 01-04-2020 | 31-03-2021 |
| ഡോ.ജവഹർ ജെ എസ് | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൂവ്വാർ | 01-04-2020 | 17-02-2021 |
| ഡോ. മിനി എസ് | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൂവ്വാർ | 18-02-2021 | 31-03-2021 |
| ശ്രീമതി. ജയറാണി എൽ എസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 19-05-2020 |
| ശ്രീമതി. ഐറിൻ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 20-05-2020 | 31-03-2021 |
| ശ്രീ. ശിവനേശൻ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. വിൻസന്റ് കെ | ഇൻഡസ്ട്രിയൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എക്സ്റ്റൻഷൻ ഓഫീസർ | | |
| ശ്രീ. ബിജുകുമാർ പി | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. രത്ന ബിന്ദു എസ് ആർ | സി ഡി പി ഒ | 01-04-2020 | 31-03-2021 |
| ശ്രുമതി ശശികല ബി | ക്ഷീര വികസന ഓഫീസർ | 01-04-2020 | 25-01-2021 |
| ശ്രീമതി. ശൈലജാദേവി എ കെ | ക്ഷീര വികസന ഓഫീസർ | 26-01-2021 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Raju. S (Auditor, On 04-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 31-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 31-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Raju. S (Auditor, On 04-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 04-06-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Sosamma.S (Audit Officer, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-05-2022) | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി (ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ)<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 04-06-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Sosamma.S (Audit Officer, On 02-05-2022) | 1-7 |
| 8 | ആദായ നികുതി ഈടാക്കിയില്ല<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Sosamma.S (Audit Officer, On 04-05-2022) | 1-8 |
| 9 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Sosamma.S (Audit Officer, On 04-05-2022) | 1-9 |
| 10 | കോവിഡ്-19-സർക്കാർ അനുമതിയില്ലാതെ ഭക്ഷ്യകിറ്റ് വിതരണം-1885492/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 04-06-2022) | 1-10 |
| 11 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.8768/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Raju. S (Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 31-05-2022) | 1-11 |
| 12 | മതിയായ രേഖകളുടെ അഭാവത്തിൽ ഉപകരണങ്ങൾ നൽകി.<br>Written By: Raju. S (Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 31-05-2022) | 1-12 |
| 13 | നിക്ഷേപ പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നിക്ഷേപിച്ച നൽകിയ തുകയുടെ നീക്കിയിരുപ്പ് ഉപയോഗിച്ച് പദ്ധതി അംഗീകാരം നേടാതെ മറ്റു പ്രവൃത്തികൾ നടപ്പാക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 31-05-2022) | 1-13 |
| 14 | വിനിയോഗ രേഖകൾ ലഭ്യമായില്ല – 600000/- രൂപ തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-05-2022) | 1-14 |
| 15 | ഐ.കെ.എം. നു പ്രവർത്തന ഫണ്ട് നൽകുന്നതിലെ അപാകതകൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Sosamma.S (Audit Officer, On 04-05-2022) | 1-15 |
| 16 | വയോമിത്രം പദ്ധതി ആനുകൂല്യം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ | 1-16 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തുകൾക്കും ലഭിക്കുന്നില്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 03-05-2022) | |
| 17 | മുൻകൂറായി തുക നൽകിയിട്ടും ലാബ് ഉപകരണങ്ങൾ ലഭ്യമായില്ല- 78,430/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 28-05-2022) | 1-17 |
| 18 | സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഗ്രൂപ്പ് സംരംഭങ്ങൾക്ക് പദ്ധതി തുക കൈമാറി - 400000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-05-2022) | 1-18 |
| 19 | ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം - സ്ഥാപിക്കാത്ത കളിയുപകരണത്തിന് ചെലവഴിച്ച 35400/- രൂപ നിരാകരിക്കുന്നു<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-19 |
| 20 | വിനോദ സഞ്ചാര പാർക്കിന് സമീപം മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചു<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-05-2022) | 1-20 |
| 21 | തിരുപുറം വിജ്ഞാനവാടിയുടെ അടിസ്ഥാന സൗകര്യ വികസനം<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-21 |
| 22 | പൊഴിക്കരയിൽ പാർക്ക് നിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-05-2022) | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പൊതുവായ അപാകതകൾ<br>Written By: Sosamma.S (Audit Officer, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-05-2022) | 1-23 |
| 24 | ചെലവ് രേഖ സമർപ്പിച്ചിട്ടില്ല-77760/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Raju. S (Auditor, On 03-05-2022)<br>Last Updated By: Sosamma.S (Audit Officer, On 25-05-2022) | 1-24 |
| 25 | മുഴുവൻ തുകയുമുള്ള മരുന്നുകൾ ലഭ്യമായില്ല- 149052/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-25 |
| 26 | നിലവിലില്ലാത്ത എമർജൻസി കെയർ യൂണിറ്റിനായി ഉപകരണങ്ങൾ വാങ്ങി, ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. 3,92,347/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-26 |
| 27 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം- അനുവദനീയമല്ലാത്ത പ്രോജക്റ്റ് നടപ്പിലാക്കി .48 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Asha G R (Senior Grade Auditor, On 02-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-27 |
| 28 | പകൽവീടിനു വസ്തുവാങ്ങൽ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 6,98,885/-രൂപ തടസ്സം ചെയ്യുന്നു<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-28 |
| 29 | സംയുക്ത ഭവന പദ്ധതികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 04-06-2022) | 1-29 |

| | | |
|---|---|---|
| 30 | പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് സൗകര്യമൊരുക്കൽ - 1,65,191/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Sosamma.S (Audit Officer, On 04-05-2022) | 1-30 |
| 31 | പൊഴിക്കര പാർക്കിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കൽ - 2,29,775/-രൂപ തടസ്സം ചെയ്യുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 04-05-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 04-05-2022) | 1-31 |
| 32 | വായ്പകൾ കുടിശ്ശികയായി നിലനിർത്തിയിരിക്കുന്നു.<br>Written By: BINDHULATHA BP (Senior Grade Auditor, On 04-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 1-32 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| 1 | സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഗ്രൂപ്പ് സംരംഭങ്ങൾക്ക് പദ്ധതി തുക കൈമാറി - 400000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Sosamma.S (Audit Officer, On 25-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 3-1 |
| 2 | പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് സൗകര്യമൊരുക്കൽ - 1,65,191/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Sosamma.S (Audit Officer, On 25-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 30-05-2022) | 3-2 |
| 3 | ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം - സ്ഥാപിക്കാത്ത കളിയുപകരണത്തിന് ചെലവഴിച്ച 35400/- രൂപ നിരാകരിക്കുന്നു<br>Written By: Sosamma.S (Audit Officer, On 25-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 3-3 |
| | ഭാഗം 4 | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 03-05-2022) | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ്<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 03-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: BINDHULATHA BP (Senior Grade Auditor, On 03-05-2022)<br>Last Updated By: BINDHULATHA BP (Senior Grade Auditor, On 03-05-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ട് വിവരം<br>Written By: Raju. S (Auditor, On 05-05-2022)<br>Last Updated By: Raju. S (Auditor, On 05-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ നടപടിയുടെ വിവരം<br>Written By: Raju. S (Auditor, On 05-05-2022)<br>Last Updated By: Raju. S (Auditor, On 05-05-2022) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Raju. S (Auditor, On 05-05-2022)<br>Last Updated By: Reni L.S. (Computer Assistant, On 01-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Raju. S (Auditor, On 05-05-2022)<br>Last Updated By: Shiela Ubald (Joint Director, On 07-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക്പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 22-02-2020-ൽ കൂടിയ ജനറൽ കമ്മിറ്റി സാധാരണയോഗം 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെ പറയും പ്രകാരമാണ്.

| | |
|---|---|
| പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പടെ | 1919169331/- |
| പ്രതീക്ഷിത ചെലവ് | 1917894330/- |
| നീക്കിയിരിപ്പ് | 1275001/- |

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.7.2021 | 09.07.2021 |

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ സാംഖ്യ പേമെന്റ് നം. രേഖപ്പെടുത്തിയിട്ടില്ല.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated എന്നത് Net Increase/decrease In Cash And Cash Equivalents ുമായി പൊരുത്തപ്പെടുന്നില്ല.

3. Stock In Hand (Inventories) മൂല്യം സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2020 ലെ ദിവസവേതന, പാർട്ട് ടൈം, കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്കുകൾ ഇൻകം & എക്സ്പന്റിച്ചറിൽ ചെലവ് (72366640) വരവിലുമധികമായി (71312591) രേഖപ്പെടുത്തിയിരിക്കുന്നു.

7. വാർഷിക കണക്കുകൾ പ്രകാരമുള്ള വാടക വരവ് വിശദാംശങ്ങൾ സ്ഥാപനം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകൾ പ്രകാരം

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക (തൻവർഷം) | 21159 | 13310 | 7849 |
| വാടക (കുടിശ്ശിക) | 14600 | 9000 | 5600 |

വാടക രജിസ്റ്റർ പ്രകാരം തൻവർഷ വരവ് 13,310/- രൂപ ആണ്. എന്നാൽ കുടിശ്ശിക വരവ് വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. വാടക വരവിന് ഡിമാന്റ്, ബാലൻസ് വിവരങ്ങളും സൂക്ഷിക്കുന്നില്ല.

8. ബ്ലോക്ക് പഞ്ചായത്തിന്റെ SECC അക്കൌണ്ട് നം.6000972937 (Indian Bank പാറശ്ശാല) ലെ മുന്നിരുപ്പ് 73512/-രൂപയാണ്. ഈ അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. സംയുക്ത പദ്ധതിക്കായുള്ള ഫണ്ട് വരവ്, ചെലവ്, നീക്കിയിരുപ്പ് പൊരുത്തപ്പെടുന്നില്ല.

| | മുന്നിരുപ്പ് | വരവ് (ആർ.പി. പ്രകാരം) | ചെലവ് (സുലേഖ പ്രകാരം) | നീക്കിയിരുപ്പ് |
|---|---|---|---|---|
| വില്ലേജ് പഞ്ചായത്ത് വിഹിതം | 1680000 | 2605400 | 0 | 4534355 |
| കേന്ദ്രാവിഷ്കൃത ഫണ്ട്-ഐ.എ.വൈ | 8035494 | 9127529 | 0 | 1890067 |

10. എം.ജി.എൻ.ആർ.ഇ.ജി.എസ്. വരവ്, ചെലവുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിലുൾപ്പെടുത്തുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 44447647 | 44447647 | 38722067 | 5725580 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13927000 | 13927000 | 13448784 | 478216 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 273000 | 273000 | 94600 | 178400 |
| Maintanance Fund(non-road) | 0 | 7743874 | 7743874 | 7396325 | 347549 |
| CFC Tied | 0 | 8340000 | 8340000 | 7699702 | 640298 |
| Development Fund (CFC Untied) | 0 | 8340000 | 8340000 | 8272292 | 67708 |

വികസനപ്രവർത്തനങ്ങൾക്ക് മേൽ വിവരിക്കും പ്രകാരം ലഭിച്ച ഗ്രാന്റുകൾ പൂർണമായി ഉപയോഗപ്പെടുത്തുവാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടില്ല. കൃത്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക വഴി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ തദ്ദേശസ്ഥാപനങ്ങളുടെ ഭൗതിക വികസനത്തിന് ഫണ്ടുകൾ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ലഭ്യമാകുന്ന ഗ്രാന്റുകൾ പൂർണമായും ചെലവഴിക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ശ്രദ്ധപതിക്കേണ്ടതാണ്. ഗ്രാന്റുകൾ പൂർണ്ണമായും ചെലവഴിക്കാത്തതിനുള്ള കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 115 | 100406443 | 105 | 75633770 | 91 |

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 2020-21 | 13.12.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ | ലഭ്യമാക്കിയില്ല | 2013-14 | 16.2.2015 |

| |
|---|
| ഓഡിറ്റ് |

## 1-6 തൊഴിലുറപ്പ് പദ്ധതി (ക്യാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1673 | 1308975 | 1310648 | 1230702 | 79946 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |
| | 1673 | 1308975 | 1310648 | 1230702 | 79946 |

## 1-7 ആഭ്യന്തര നിയന്ത്രണം

പദ്ധതി ആസൂത്രണം രൂപീകരണം എന്നിവയിലെ പാളിച്ച മൂലം വിവിധ പദ്ധതികൾക്ക് ചെലവഴിക്കുന്ന തുക ലക്ഷ്യം കാണാതെ പാഴ്ചെലവായി പരിണമിക്കുന്നു.

പദ്ധതി വിഹിതം വിനിയോഗിച്ച് ആസ്തി നിർമ്മാണം, മെയിന്റനൻസ് എന്നിവ നടപ്പാക്കുന്നുണ്ടെങ്കിലും തുടർ പ്രവർത്തനങ്ങളും സംരക്ഷണവും ഉറപ്പാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ മുൻ വർഷങ്ങളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലവിലും തുടർന്ന് വരുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തി ഫയലുകളിൽ കരാറുകാരുടെ പേരിൽ ചെലവ് രേഖകൾ സൂക്ഷിച്ചിരിക്കുന്നു.

## 1-8 ആദായ നികുതി ഈടാക്കിയില്ല

പ്രോ. നം. 30/21 ബ്ലോക്ക് പദ്ധതികളുടെ ഡോക്കുമെന്റേഷൻ പദ്ധതി പ്രകാരം 1,50,000/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവു ചെയ്ത് ഡോക്യുമെന്റേഷൻ, സുവനീർ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമം വകുപ്പ് 194 ജെ പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്ക് സ്രോതസ്സിൽ നിന്നും 10% ആദായനികുതി ഈടാക്കേണ്ടതുണ്ടെങ്കിലും, പ്രവൃത്തിയുടെ തുക ശ്രീ. സജിലാൽ എ.വി.ക്ക് അനുവദിച്ചപ്പോൾ ആദായനികുതി ഈടാക്കിയില്ല. അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/07.04.2022) മറുപടി ലഭ്യമാക്കിയില്ല. വാങ്ങലുകളിൽ/സേവനങ്ങൾ ലഭ്യമാക്കുമ്പോൾ ബന്ധപ്പെട്ട ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടുന്ന നികുതികൾ ഈടാക്കുന്നതിനും സമയബന്ധിതമായി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതു സംബന്ധിച്ച രേഖകൾ ലഭ്യമായില്ല.

വാർഷിക കണക്കുകളിലെ ബി18 ഷെഡ്യൂൾ ഹെഡ് 460500201 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഏജൻസീസ് - ഡെപ്പോസിറ്റ് വിത്ത് കെ.ഡബ്ല്യൂഎ. പ്രകാരം ആകെ 4048228/- രൂപ കേരള വാട്ടർ അതോറിററിക്ക് നിക്ഷേപിച്ച നൽകിയിട്ടുണ്ട്. ഇതു ഏതൊക്കെ പ്രവൃത്തികൾക്കായി നിക്ഷേപിച്ച നൽകിയതാണെന്നോ, ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നോ വ്യക്തമല്ല. ഡെപ്പോസിറ്റ്സ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, മേൽ പ്രകാരമുള്ള തുക ഏതൊക്കെ പ്രവൃത്തികൾക്കായി ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ നിക്ഷേപിച്ചതാണെന്നും, ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പരിശോധിക്കേണ്ടതും, പ്രവൃത്തികളുടെ ഫൈനൽ ബിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി തുക അധികമായി നിക്ഷേപിച്ച നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക അടിയന്തിരമായി തിരികെ ഈടാക്കി ബന്ധപ്പെട്ട പ്ലാൻ ഹെഡിൽ ഒടുക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന മാതൃകയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

| തുക നിക്ഷേപിച്ച നൽകിയ സാമ്പത്തിക വർഷം | പ്രോ.നം., പേര് | നിക്ഷേപിച്ച തുക | പ്രവൃത്തിയുടെ അവസ്ഥ | പൂർത്തീകരിച്ച പ്രവൃത്തിയാണെങ്കിൽ ഫൈനൽ ബിൽ പ്രകാരമുള്ള തുക | അധികം/കുറവായി നിക്ഷേപിച്ച തുക | തുക ക്രമീകരിച്ചതു സംബന്ധിച്ച വിശദാംശം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

## 1-10 കോവിഡ്-19-സർക്കാർ അനുമതിയില്ലാതെ ഭക്ഷ്യകിറ്റ് വിതരണം- 1885492/-രൂപ തടസ്സപ്പെടുത്തുന്നു.

കോവിഡ്-19 വ്യാപനസാഹചര്യത്തിൽ പ്രഖ്യാപിച്ച ലോക്ഡൗൺ കാലയളവിൽ ദുരിതം അനുഭവിക്കുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 6 ഗ്രാമപഞ്ചായത്തുകളിലെ ക്വാറൈന്റെയിനിൽ കഴിയുന്ന ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി ഓരോ വാർഡിലും 32 പേർ എന്ന അടിസ്ഥാനത്തിൽ 500/-രൂപയിൽ കുറയാത്ത ഭക്ഷണത്തിന് ആവശ്യമായ വിഭവങ്ങൾ അടങ്ങിയ കിറ്റുകൾ വിവിധ സഹകരണസ്ഥാപനങ്ങളിലെ സ്റ്റോറുകൾ, മാവേലി സ്റ്റോറുകൾ എന്നിയിൽ നിന്നും വാങ്ങി വിതരണം ചെയ്യുവാൻ 30-3-2020-ൽകൂടിയ ഭരണസമിതി തീരുമാനം 1(2) പ്രകാരം തീരുമാനിച്ചു. ആ തീരുമാനം നടപ്പിലാക്കാനുള്ള അനുമതി ലഭിക്കുന്നതിനായി പ്രസ്തുത ദിവസം തന്നെ BP3/577/2018 നമ്പർ കത്ത് എ.ഡി.സി.മുഖാന്തിരം ഗ്രാമവികസന കമ്മീഷണർക്ക് നൽകുകയും, ആ ദിവസം തന്നെ വിവിധ സഹകരണ സൊസൈറ്റികളുടെ കീഴിലുള്ള സ്റ്റോറുകൾക്കും,മാവേലി സ്റ്റോറുകൾക്കും കിറ്റുകൾ തയ്യാറാക്കി നൽകാൻ സെക്രട്ടറി കത്ത് നൽകുകയും ചെയ്തു. 29-4-2020-ൽ കൂടിയ സാധാരണ മീറ്റിംഗിലെ V(1)-ാം നമ്പർ തീരുമാനപ്രകാരം 1885492/-രൂപ വിലയുള്ള കിറ്റുകൾ ലഭ്യമാക്കിയ സ്ഥാപനങ്ങൾക്ക് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആയത് പ്രകാരം നൽകിയ ചെക്കുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കിറ്റുകളുടെ എണ്ണം | ആകെ തുക | ചെക്ക് നമ്പർ |
|---|---|---|---|---|
| 1 | പൊൻവിള സഹകരണ സംഘം | 1920 | 1008692/- | 1787047<br>തിയതി-15-5-2020 |
| 2 | ചെങ്കൽ സഹകരണ സംഘം | 928 | 505128/- | 1787048<br>തിയതി-15-5-2020 |
| 3 | പരശുവയ്ക്കൽ സഹകരണ സംഘം | 736 | 371672/- | 1787049<br>തിയതി-15-5-2020 |
| | ആകെ | 3584 | 1885492/- | |

കോവിഡ്-19 സാഹചര്യം നേരിടാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ച പ്രവർത്തനങ്ങൾ .

A.25-3-2020-ൽ A3-435/2020N നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഒരു കുടുംബത്തിന് ഒരു കിറ്റ് എന്ന ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കാനും, കിറ്റുകൾ വീടുകളിൽ എത്തിക്കുവാനും നിർദ്ദേശം നൽകി.

B.27-3-2020-ൽ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും 27-3-2020-ന് മുമ്പായി കമ്മ്യൂണിറ്റി കിച്ചനുകൾ തുടങ്ങാൻ നിർദ്ദേശം നൽകി.

C.27-3-2020-ലെ (എസ്)എ4-519/2020നമ്പർ കത്ത് പ്രകാരം കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റികിച്ചനുകൾ ആരംഭിച്ചതിനാൽ ഒരു പഞ്ചായത്തിലെ ഒരു കമ്മ്യൂണിറ്റി കിച്ചണിന് പരമാവധി 600കിലോ അരി നൽകാനും ഉത്തരവായി.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ സമയത്താണ് ബ്ലോക്ക് പഞ്ചായത്ത് സർക്കാറിന്റെ പ്രത്യേക അനുമതിയില്ലാതെ തുക ചെലവഴിച്ചത്.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ .

1. സ.ഉ.(സാധാ)നം.620/2020,ത.സ്വ.ഭ.വ (ഡി.സി)തിയതി-14-3-2020- ലെ ഉത്തരവ് പ്രകാരം തദ്ദേശസ്ഥാപനങ്ങൾ രോഗം റിപ്പോർട്ട് ചെയ്യുൽ എന്ന ഭാഗത്ത് 4-ാമതായി, രോഗം പകരുന്നത് തടയുന്നിതിനുള്ള സാധനസാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ തദ്ദേശസ്ഥാപനങ്ങൾ വാങ്ങി നൽകണമെന്നും, 5-ാമതായി ഐസൊലേഷന് വിധേയമാകുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ദൈനംദിന ജീവിതസഹായം ലഭ്യമാക്കേണ്ടതാണെന്നും വിവരിക്കുന്നു. പ്രസ്തുത ഉത്തരവ് അടിസ്ഥാനമാക്കി ബ്ലോക്ക് പഞ്ചായത്ത് 30-3-2020- ലെ BP3-577/2018/PSLAനമ്പർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ 3 ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾ ദുരിതത്തിലാണെന്നും ആയതിനാൽ ഒരു ഗ്രാമപഞ്ചായത്തിന് 600കിറ്റ് എന്ന കണക്കിൽ 500/- രൂപ നിരക്കിലുള്ള കിറ്റുകൾ നൽകുവാൻ അനുവദിക്കണെന്നും ആവശ്യപ്പെട്ട് ഗ്രാമവികസന കമ്മിഷണർക്ക് അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ മുഖാന്തിരം കത്ത് നൽകി. ഗ്രാമവികസന

കമ്മീഷണറുടെ സാധൂകരണം ലഭ്യമാക്കുന്നതിന് മുൻപ് സ.ഉ.(സാധാ)നം.620/2020,ത.സ്വ.ഭ.വ (ഡി.സി)തിയതി-14-3-2020- ലെ ഉത്തരവിലെ വ്യവസ്ഥകൾ സൂചനയായി വിവരിച്ച് 31-3-2020-ൽ തന്നെ (ബ്ലോക്ക്പഞ്ചായത്ത് ഗ്രാമവികസന കമ്മിഷണർക്ക് 30-3-2020-ൽ നൽകിയ കത്തിനെ ആധാരമാക്കി) D3-834/2020നമ്പർ കത്ത് പ്രകാരം കോവിഡ് -19 പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമില്ലാത്ത രീതിയിൽ ജി.പി.ജി.തുക ചെലവഴിക്കാമെന്ന് അസി. ഡെവലപ്മെന്റ് കമ്മീഷണർ ബ്ലോക്ക് പഞ്ചായത്തിന് (കിറ്റ് നൽകാൻ പ്രത്യേക അനുമതി രേഖപ്പെടുത്തിയിട്ടില്ല) കത്ത് നൽകി. എന്നാൽ ഗ്രാമവികസന കമ്മിഷണർ 2-4-2020-ലെ നമ്പർ.5554/ഡി.പി.4/2020/സി.ആർ.ഡി.(എ) കത്ത് പ്രകാരം കോവിഡ്-19 പ്രവർത്തനങ്ങൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ കുടുംബശ്രീയുമായി ചേർന്ന് കമ്മ്യൂണിറ്റി കിച്ചൺ രൂപീകരിച്ചതിനാലും, പ്രസ്തുത ചെലവുകൾക്ക് SDRF- ൽ നിന്നും തുക അനുവദിക്കുന്നതിനാലും, ഭക്ഷണം, വസ്ത്രം, ചികിത്സാ തുടങ്ങിയ ആവശ്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ കളക്ടറുടെ പ്രത്യേക നിർദ്ദേശപ്രകാരമല്ലാതെ തുക ചെലവഴിക്കുവാൻ പാടില്ലായെന്നും, ദുരന്തനിവാരണ അതോറിറ്റിയുടെ അറിവോടെയല്ലാതെ മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ ഉണ്ടെങ്കിൽ ആയത് SDRF-ന്റെ പരിധിയിൽ കൊണ്ട് വരണമെന്നും അറിയിച്ചു. തുക ചെലവഴിക്കാൻ സർക്കാറിന്റെയോ, ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി ലഭിച്ചതിന്റെയോ രേഖ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2.സ.ഉ.(സാധാ)നം.620/2020,ത.സ്വ.ഭ.വ (ഡി.സി)തിയതി-14-3-2020- ലെ ഉത്തരവ് പ്രകാരം രോഗം റിപ്പോർട്ട് ചെയ്യൽ എന്ന ഭാഗത്ത് ക്രമ നം.4-ആയി രോഗം പകരുന്നത് തടയുന്നിതിനുള്ള സാധനസാമഗ്രികൾ രോഗിയുടെ കുടുംബത്തിന് ആവശ്യമെങ്കിൽ വാങ്ങി നൽകണമെന്നും, ക്രമ നം.5-ായി ഐസൊലേഷന് വിധേയമാകുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ദൈനംദിന ജീവിതസഹായം ലഭ്യമാക്കേണ്ടതാണെന്നും വിവരിക്കുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ കിറ്റുകൾ ലഭിച്ചവർ ക്വാറൈന്റെയിനിൽ ആയിരുന്നുവെന്ന് തെളിയിക്കുന്ന രേഖകളോ, സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെന്ന് തെളിയിക്കുന്ന രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം കിറ്റ് നൽകാനുള്ള അനുമതി ലഭിക്കുന്നതിനായി 30-3-2020-ൽ ADC മുഖേന ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നൽകി. എന്നാൽ പ്രസ്തുത കത്തിന് മറുപടി ലഭിക്കാതെ 30-3-2020-ൽ തന്നെ BP3/577/2018/pslaഎന്ന നമ്പർ കത്ത് പ്രകാരം ചെങ്കൽ, പൊൻവിള, പരശുവയ്ക്കൽ, തിരുപുറം തുടങ്ങിയ സഹകരണ സൊസെറ്റികൾക്ക് കീഴിലുള്ള സ്റ്റോറുകൾക്കും ഉച്ചക്കട, പൂവ്വാർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകൾക്കും കിറ്റുകൾ തയ്യാറാക്കി ലഭ്യമാക്കാൻ കത്തുകൾ നൽകിയത് വീഴ്ചയാണ്. കൂടാതെ പ്രസ്തുത കത്ത് പ്രകാരം മാവേലി സ്റ്റോറുകൾക്കും കിറ്റുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയെങ്കിലും സഹകരണ സൊസൈറ്റികളിൽ നിന്നുമാത്രമാണ് കിറ്റുകൾ വാങ്ങിയത്.മാവേലി സ്റ്റോറുകളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

4.ബ്ലോക്ക് കമ്മിറ്റിയുടെ തീരുമാനപ്രകാരം കിറ്റുകൾ വിതരണം ചെയ്യാൻ ജില്ലാ കളക്ടറുടെ പ്രത്യേക നിർദ്ദേശം ആവശ്യമാണെന്ന് ഗ്രാമവികസന കമ്മീഷണർ 2-4-2020-ലെ 5554/ഡി.പി.4/2020/സി.ആർ.ഡി.(എ) കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം കിറ്റുകൾ നൽകുന്നതിനുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

5.ഗ്രാമവികസന കമ്മീഷണറുടെ 2-4-2020-ലെ 5554/ഡി.പി.4/2020/സി.ആർ.ഡി.(എ) കത്ത് പ്രകാരം കോവിഡ് പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തുകൾ തുക ചെലവഴിക്കാൻ പാടില്ലായെന്ന് നിർദ്ദേശം ലഭിച്ചിട്ടും 30-3-2020-ൽ കിറ്റുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയ സ്ഥാപനങ്ങളോട് പ്രസ്തുത പ്രവർത്തനം നിർത്തിവയ്ക്കാൻ ബ്ലോക്ക് പഞ്ചായത്ത് സത്വര നടപടി സ്ഥീകരിച്ചില്ല. കിറ്റ് വിതരണം സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടും, സർക്കാറിന്റെ അനുമതി തേടാതെ തുക നൽകുന്നതിന് 29-4-2020-ൽ കൂടിയ ഭരണസമിതി V-1 നമ്പർ തിരുമാനപ്രകാരം അംഗീകാരം നൽകി.

6.ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകൾ അവയുടെ വാർഡുകളിൽ കോവിഡ് -19 പ്രതിരോധപ്രവർത്തനങ്ങൾക്കും ഭക്ഷണം, മറ്റ് അനുബന്ധസാധനങ്ങൾക്കും വേണ്ടി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായം അഭ്യർത്ഥിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

7.ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കിറ്റുകൾ വിതരണം ചെയ്യുവാൻ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ കൈപ്പറ്റിയ കിറ്റുകളുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

8.ഒരു വാർഡിൽ 32 ഗുണഭോക്താക്കൾ എന്ന രീതിയിൽ ഗുണഭോക്താക്കളെ നിശ്ചയച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല .

9.ഗ്രാമപഞ്ചായത്ത് വാർഡുകളിൽ കിറ്റുകൾ വിതരണം ചെയ്ത് തിയതികൾ ഏതെല്ലാമെന്ന് രേഖപ്പെടുത്തിയിട്ടില്ല.മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണകുറിപ്പ് 7/2022- ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കോവിഡ്-19 മഹാമാരി സാഹചര്യത്തിൽ പ്രതിസന്ധിയിലായവരെ സഹായിക്കുന്നതിനായി സർക്കാർ വിവിധ പ്രവർത്തനങ്ങൾ വിഭാവനം ചെയ്ത്തതിന്റെ ഭാഗമായി കോവിഡ് രോഗികൾക്ക് സി.എഫ്.എൽ.റ്റി. സെന്ററുകൾ ആരംഭിച്ചും, ക്വാറൈന്റെയിനിൽ കഴിയുന്ന കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചനുകൾ വഴി ഭക്ഷണവും, റേഷൻകടകൾ വഴി ഭക്ഷ്യധാന്യ കിറ്റുകളും നൽകികൊണ്ടിരുന്ന അവസരത്തിൽ കിറ്റുകൾ നൽകുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി സർക്കാറിന്റെ അംഗീകാരത്തിനായി കത്ത് നൽകിയ ശേഷം അനുവാദം ലഭ്യമാക്കാതെ 1885492/-രൂപ ചെലവഴിക്കാൻ അനുവാദം നൽകിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്ന് കണ്ടെത്തി.കൂടാതെ ജി.ഒ(പി)നം.177/2006/ഫിൻ തിയതി.12-4-2006 ഉത്തരവ് പ്രകാരം ജനപ്രതിനിധികൾക്കും സെക്രട്ടറിയ്ക്കും നിർവഹണോദ്ധ്യോഗസ്ഥർക്കും നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗത്തിൽ പൂർണ്ണ ഉത്തരവാദിത്വം ഉണ്ടെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ 29-4-2020-ൽ കൂടിയ ഭരണസമിതി V-1 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി ചെലവഴിച്ച 1885492/-രൂപ തടസ്സപ്പെടുത്തുന്നു. കോവിഡ്-19 സാഹചര്യത്തിൽ ചെലവഴിച്ച പ്രസ്തുത തുകയുടെ തടസ്സം സർക്കാർ സാധൂകരണം വാങ്ങി

ഒഴിവാക്കേണ്ടതും അല്ലാത്തപക്ഷം തടസ്സപ്പെടുത്തിയ തുക ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ബാധ്യതയായി മാറുന്നതാണ്.

## 1-11 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.8768/-രൂപ തടസ്സപ്പെടുത്തുന്നു.

17-11-2020-ലെ 1787444 നമ്പർ ചെക്ക് പ്രകാരം പൂഴിക്കുന്ന് ബ്ലോക്ക് ഡിവിഷനിലെ 78-ാം നമ്പർ അങ്കണവാടിയ്ക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിൽ പൈപ്പ് കണക്ഷൻ ഇല്ലാത്തതിനാൽ പുതിയ കണക്ഷനായി തുക അനുവദിക്കണമെന്നുള്ള ഡിവിഷൻ മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 8768/-രൂപ അനുവദിച്ചു. എന്നാൽ കണക്ഷൻ നൽകിയിട്ടുണ്ടെന്നുള്ള വാട്ടർഅതോറിറ്റിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നൽകിയ അന്വേഷണകുറിപ്പ് 18/2022-ന് ബ്ലോക്ക് പഞ്ചായത്ത് പൂർത്തീകരണ സാക്ഷ്യപത്രമോ, മറുപടിയോ ലഭ്യമാക്കിയിട്ടില്ല. നടപ്പിലാക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി വിനിയോഗസാക്ഷ്യപത്രങ്ങൾ സൂക്ഷിക്കേണ്ടത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 8768/-രൂപ തടസ്സപ്പെടുത്തുന്നു.മേൽ വിവരിച്ച അങ്കണവാടിയ്ക്ക് പൈപ്പ് കണക്ഷൻ നൽകിയതായുള്ള വാട്ടർ അതോറിറ്റിയുടെ സാക്ഷ്യപത്രം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 3 മാസത്തിനകം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-12 മതിയായ രേഖകളുടെ അഭാവത്തിൽ ഉപകരണങ്ങൾ നൽകി.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കർഷക സംഘങ്ങൾക്ക് ആധുനിക കൃഷി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി രണ്ട് പദ്ധതികൾ നടപ്പിലാക്കി.കാർഷികഉപകരണങ്ങളുടെ ആകെ വിലയുടെ 90% ബ്ലോക്ക് പഞ്ചായത്തും ബാക്കി 10% തുക കർഷകസംഘങ്ങൾ നൽകുന്നുവെന്ന വ്യവസ്ഥയിലാണ് പദ്ധതി നടപ്പിലാക്കിയത്.വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവഴിച്ചതുക |
|---|---|---|
| 141/21, കർഷക സംഘങ്ങൾക്ക് ആധുനിക കൃഷി ഉപകരണങ്ങൾ | 1100000/- | 707139/- |
| 142/21, വനിത കർഷക സംഘങ്ങൾക്ക് ആധുനിക കൃഷി ഉപകരണങ്ങൾ | 500000/- | 500000/- |

പദ്ധതി നടത്തിപ്പ് ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിപ്രകാരം കർഷക സംഘങ്ങൾക്ക് ആധുനിക കൃഷിഉപകരണങ്ങളും അനുബന്ധ ഉപകരണങ്ങളും നൽകി.പ്രസ്തുത കാർഷിക ഉപകരണങ്ങൾ ലഭിച്ച സംഘങ്ങൾ തനത് വർഷത്തിലും പ്രവർത്തനക്ഷമമായിരുന്നുവെന്ന് തെളിയിക്കുന്ന (സംഘങ്ങളുടെ മിനിട്സ് ബുക്കിന്റെ കോപ്പികൾ)രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.പ്രസ്തുത പ്രോജക്ടുകളുടെ ചെലവ് തുകയുടെ 90% ബ്ലോക്ക് പഞ്ചായത്ത് RAIDCO-ക്ക് നൽകി. എന്നാൽ എല്ലാ ബില്ലുകളും കർഷകസംഘങ്ങളുടെ പേരിലാണ് ലഭിച്ചിട്ടുള്ളത്.

3.കാർഷിക ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും, വിതരണരജിസ്റ്ററും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതി പ്രകാരം തിരുപുറം ഫാർമേഴ്സ് ക്ലബിന് ടില്ലർ നൽകി . ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പദ്ധതികളുടെ നടത്തിപ്പിലെ അപാകങ്ങൾ വിവരിച്ച് നൽകിയ അന്വേഷണകുറിപ്പ് 25/2022 -ന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പ് സുതാര്യവും പ്രയോജനകരവും ആകുന്നതിനായി സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്. മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 നിക്ഷേപ പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നിക്ഷേപിച്ചു നൽകിയ തുകയുടെ നീക്കിയിരുപ്പ് ഉപയോഗിച്ച് പദ്ധതി അംഗീകാരം നേടാതെ മറ്റു പ്രവൃത്തികൾ നടപ്പാക്കുന്നു.

വിവിധ പദ്ധതികൾക്കായി മുൻ വർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്കു നിക്ഷേപിച്ചു നൽകിയ തുകയുടെ നീക്കിയിരുപ്പ് ഉപയോഗിച്ച്, പദ്ധതി അംഗീകാരം നേടാതെ ബ്ലോക്ക് പഞ്ചായത്ത് മറ്റു നിക്ഷേപ പ്രവൃത്തികൾ നിർവഹിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ.

1) ഭരണസമിതിയുടെ 24.02.2020 ലെ 6(1) തീരുമാനത്തിലൂടെ 2018-19 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്കു നിക്ഷേപിച്ചു നൽകിയ 9,34,800/- രൂപയുടെ (പ്രോ.നം.90/19 -699800 + പ്രോ.നം.25/19 – 235000) പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന രണ്ടു പ്രവൃത്തികൾകൂടി നിർവഹിക്കുന്നതിനു തീരുമാനിച്ചു.

എ) പെരുമരത്തിൻ വിള -മഞ്ചാടി റോഡ് പൈപ്പ് ലൈനിൽ നിന്നും ചെമ്മണ്ണുവിള ലക്ഷം വീട് കോളനിയിലേക്ക് 100 മീ നീളം കൂട്ടണം.

ബി) ഭഗവതിവിള – കുഴിവിള റോഡ് പൈപ്പിൽ നിന്നും 50മീ നീളം കൂട്ടണം.

2) ഭരണസമിതിയുടെ 13.07.2020 ലെ 2(2) തീരുമാനത്തിലൂടെ പൈപ്പ് ലൈൻ നീട്ടലിനായി കേരള വാട്ടർ അതോറിറ്റിക്കു നിക്ഷേപിച്ചു നൽകിയ 9,34,800/-, 6,90,000/- തുകകളുടെ ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്തി പൂഴിക്കുന്ന് ഡിവിഷനിലെ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു കെ.ഡബ്ല്യു.എ. യോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.

സി) പൂഴിക്കുന്ന്-നമ്പിവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ഡി) നല്ലൂർവട്ടം - തേരുമ്മൽവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

ഇ) ചെമ്മണ്ണ് വിള കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷനിൽ 2 പബ്ലിക് ടാപ്പ് സ്ഥാപിക്കൽ

എ), ബി), സി), ഡി), ഇ) പ്രവൃത്തികൾ പൂർത്തീകരിച്ചതായും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് താമസം കൂടാതെ ലഭ്യമാക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് അന്വേഷണത്തിന് (നം. 5/06.04.2022) മറുപടിയായി അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾ നിർവഹിക്കുന്നതിലേക്കായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള അപേക്ഷകൾ, എസ്റ്റിമേറ്റ് തുടങ്ങിയ രേഖകൾ ലഭ്യമായില്ല.

എ), ബി), സി), ഡി), ഇ) പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, അന്തിമ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. പദ്ധതി അംഗീകാരം നേടാതെ നേരിട്ടു പ്രവൃത്തികൾ നിർവഹിക്കുവാനുള്ള കാരണം വിശദമാക്കേണ്ടതുമാണ്.

## 1-14 വിനിയോഗ രേഖകൾ ലഭ്യമായില്ല - 600000/- രൂപ തടസ്സം ചെയ്യുന്നു

പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോ. നം., പേര് | ചെലവ് തുക | ഫണ്ടിനം | ബിൽ നം., തീയതി | ലഭ്യമാക്കാനുള്ള രേഖകൾ |
|---|---|---|---|---|
| 2/21 പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്- ഐ.കെ.എം. നു അടയ്ക്കേണ്ട പ്രവർത്തന വിഹിതം | 1,00,000/- | വികസന ഫണ്ട് ജനറൽ | 30/13.11.2020 | വിനിയോഗ സാക്ഷ്യപത്രം |
| 35/21 തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരണം - വിഹിതം നൽകൽ | 5,00,000/- | ധനകാര്യ കമ്മിഷൻ അവാർഡ് | 19/07.10.2020 | വിനിയോഗ സാക്ഷ്യപത്രം |
| ആകെ | 6,00,000/- | | | |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/07.04.2022) ഐ.കെ.എം. നു അനുവദിച്ച തുകയുടെ വിനിയോഗ രേഖകൾ ഐ.കെ.എം. ന്റെ ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് ഐ.കെ.എം. അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പ്രകാരം ചെലവു ചെയ്ത 6,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 ഐ.കെ.എം. നു പ്രവർത്തന ഫണ്ട് നൽകുന്നതിലെ അപാകതകൾ

സ.ഉ.(സാധാ) നം. 1228/16/തസ്വഭവ തീയതി 08.03.2016 പ്രകാരം പ്ലാൻ ഫണ്ടിന്റെ 0.1% മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഐ.കെ.എം. പ്രവർത്തന വിഹിതമായി വകയിരുത്തേണ്ടത്. 2020-21 ബജറ്റ് വിഹിതം അനക്ഷർ 4 പ്രകാരം 6,56,52,000/- രൂപയാണ് ബ്ലോക്ക്പഞ്ചായത്തിന് വകയിരുത്തിയിട്ടുള്ളത്. അതായത് 65,652/- രൂപ മാത്രമാണ് ടി പദ്ധതിക്കായി വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഇതിലേക്കായി 100000/- രൂപ വകയിരുത്തി ഐ.കെ.എം. ന കൈമാറിയിട്ടുണ്ട്. മുൻ വർഷങ്ങളിലും സമാനമായി അധിക നിരക്കിൽ തുക കൈമാറിയതായി കാണുന്നു.

ഐ.കെ.എം. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 20.04.2021 ൽ നൽകിയ ഐ.കെ.എം./എ7/955/2021 നമ്പർ കത്തിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഡിമാന്റ് തുകകൾ രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ പദ്ധതികളിലൂടെ ഇതിലുമധികമായി ബ്ലോക്ക് പഞ്ചായത്ത് ഐ.കെ.എം. ന് കൈമാറി കഴിഞ്ഞു. വിശദാംശം ചുവടെ. (2018-19 മുതലുള്ളത്)

| സാമ്പത്തിക വർഷം | ഡിമാന്റ് തുക | ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയ തുക | പ്രോജക്ട് നം | അധികമായി ഒടുക്കിയ തുക |
|---|---|---|---|---|
| 2018-19 | 67575 | 96000 | 4/19 | 28425 |
| 2019-20 | 70978 | 100000 | 4/20 | 29022 |
| 2020-21 | 65652 | 100000 | 2/21 | 34348 |
| 2021-22 | 57256 | 52547 | 5/22 | -4709 |
| ആകെ | | | | 87086 |

2017-18 സാമ്പത്തിക വർഷത്തേക്ക് ഐ.കെ.എം. ന നൽകിയ പ്രവർത്തന വിഹിതത്തിന്റെ വിനിയോഗ രേഖ 11.03.2019 തീയതിയിൽ ഐകെഎം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ തദ്ദേശ സ്ഥാപനത്തിന്റെ പേരിൽ 01.04.2017 തീയതിയിൽ 26,408/- രൂപ നീക്കിയിരുപ്പുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മേൽ വിശദാംശങ്ങളൊന്നും പരിശോധിക്കാതെയാണ് ബ്ലോക്ക് പഞ്ചായത്ത് ഐ.കെ.എം. ന തുക കൈമാറി കൊണ്ടിരിക്കുന്നത്. പ്രവർത്തന ഫണ്ട് കൈമാറിയതിലെ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/07.04.2022) മറുപടി ലഭ്യമാക്കിയില്ല. പ്രവർത്തന ഫണ്ടിനത്തിൽ ഐ.കെ.എം. ന അധികമായി കൈമാറിയിട്ടുള്ള തുക 1,13,494/- രൂപ (87086 + 26408) സംബന്ധിച്ച് ഐ.കെ.എം.ന രേഖാമൂലം അറിയിപ്പ് നൽകി തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ ക്രമപ്പെടുത്തേണ്ടതാണ്.

## 1-16 വയോമിത്രം പദ്ധതി ആനുകൂല്യം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭിക്കുന്നില്ല.

സ.ഉ.(എം.എസ്) നം. 103/2014/സാനീവ തീയതി 23.12.2014 പ്രകാരം അവശതയനുഭവിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വീതം സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എല്ലാ പഞ്ചായത്തുകളിലും പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കേണ്ടതുണ്ടെങ്കിലും, നിലവിൽ വയോമിത്രം പദ്ധതിയുടെ ആനുകൂല്യം തിരുപുറം, കുളത്തൂർ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വയോമിത്രം പദ്ധതിക്കായി മറ്റു ഗ്രാമപഞ്ചായത്തുകൾ തുക വകയിരുത്താത്തതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ വയോമിത്രം പദ്ധതി നടപ്പാക്കുവാൻ സാധിക്കുന്നില്ലായെന്നാണ് ബോധ്യപ്പെടുത്തിയിട്ടുള്ളത്. 60 വയസ്സ പൂർത്തിയായ പൊതുജനങ്ങൾക്കായി തദ്ദേശ സ്ഥാപന പരിധിയിലെ വിവിധ കേന്ദ്രങ്ങളിൽ ക്യാമ്പുകൾ നടത്തി മരുന്നുകൾ ലഭ്യമാക്കുകയാണ് വയോമിത്രം പദ്ധതിയിലൂടെ നിലവിൽ ലഭ്യമാക്കുന്ന സേവനം.

പ്രോ. നം. 8/21, പ്രോ. നം. 20/21 (സ്പിൽ ഓവർ) വയോമിത്രം പദ്ധതിക്കായി സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറൽ പദ്ധതിക്കായി പദ്ധതി തുകയിൽ നിന്നും ആകെ 20 ലക്ഷം രൂപ (10 ലക്ഷം സി.എഫ്.സി. + 10 ലക്ഷം വികസന ഫണ്ട് പൊതു വിഭാഗം) സാമൂഹിക സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വയോമിത്രം പദ്ധതി 2019 ഡിസംബറിൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം ആകെ 41,84,344/- രൂപയുടെ ആനുകൂല്യം അനുവദിച്ചതായി വയോമിത്രം കോ-ഓർഡിനേറ്റർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി. ഇതിൽ 23,32,612/- രൂപ മരുന്നിന്റെ വിലയും, 18,51,732/- രൂപ പദ്ധതിക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള കോ-ഓർഡിനേറ്റർ, മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ., എന്നിവരുടെ വേതനം, മറ്റു എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമാണ്.

വയോമിത്രം പദ്ധതി പ്രകാരം മരുന്നു ലഭ്യമാക്കുക മാത്രമാണ് നിലവിൽ ചെയ്തു പോരുന്നത്. പ്രസ്തുത സേവനം ഗ്രാമപഞ്ചായത്തുകളിലെ പി.എച്ച്.സി. /എഫ്.എച്ച്.സി./ സി.എച്ച്.സി. കളിലൂടെ നിലവിൽ തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ മരുന്നു ലഭ്യമാക്കുന്നതിലേക്കായി തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി തുക

ഉപയോഗിച്ച് പദ്ധതികളും നടപ്പാക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പൂർണ്ണമായും നടപ്പാക്കേണ്ട പദ്ധതി ഏതാനും ഗ്രാമപഞ്ചായത്തുകളിൽ മാത്രം നടപ്പാക്കപ്പെടുന്നതും, ഒരേ സേവനം പലവിധത്തിൽ ലഭ്യമാക്കപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതുമാണ്.

## 1-17 മുൻകൂറായി തുക നൽകിയിട്ടും ലാബ് ഉപകരണങ്ങൾ ലഭ്യമായില്ല- 78,430/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - പൂവാർ സി എച്ച് സി യിൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ , പൂവാർ സി എച്ച് സി

അടങ്കൽ - 5,00,000/- ( മെയിന്റൻസ് ഫണ്ട് റോഡിതരം )

ചെലവ് - 5,00,000/- ( ബിൽ നം 7/25.09.20 Rs 146935/-

ബിൽ നം 19/19.01.21, Rs 289210/-

ബിൽ നം 21/21.03.21 Rs 63855/- )

പൂവാർ സി.എച്ച്.സി യിൽ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ (ഇൻവോയിസ് നം 177/26.08.20) ബിൽ നം 7പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപറേഷന് 1,46,935/- രൂപ കൈമാറിയിട്ടുണ്ട്. നൽകിയ തുകയിൽ റഫ്രിജറേറ്റർ കൂളർ (Rs 68,505/-) മാത്രമേ ലഭ്യമായിട്ടുള്ളു . ലഭ്യമാകാത്ത ഇനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| ബൈനോക്കുലർ മൈക്രോസ്കോപ്പ് ടൈപ്പ് II | 41,003/- |
| സെൻട്രിഫ്യൂജ് 16വീൽസ് | 37,247/- |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം16/11.04.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ബാക്കി തുകയ്ക്കുള്ള ഉപകരണങ്ങൾ (Rs.78,430/-) അടിയന്തിരമായി ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ 78430/-രൂപ തടസ്സപ്പെടുത്തുന്നു. ലഭ്യമാകുന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് പ്രവർത്തനസജ്ജമാക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഗ്രൂപ്പ് സംരംഭങ്ങൾക്ക് പദ്ധതി തുക കൈമാറി - 400000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്റ്റ് നം. 9/21 പരമ്പരാഗത തൊഴിൽ ഗ്രൂപ്പ് സംരംഭം (വനിത)

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം

അടങ്കൽ തുക - 4,00,000/-

ചെലവ് തുക - 4,00,000/-

ബിൽനം. - 7/24.04.2020

നിർവഹണാധികാരി- സെക്രട്ടറി

സ.ഉ.(കൈ) നം.22/18/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 06.04.21.1.12 പ്രകാരം സംരംഭകർക്ക് സബ്സിഡി നൽകാവുന്നതല്ല. ഉത്തരവിലെ ഖണ്ഡിക 06.04.21.2 ലെ വ്യവസ്ഥകൾ പാലിച്ച് റിവോൾവിംഗ് ഫണ്ടോ, ഖണ്ഡിക 06.04.21.3 ലെ വ്യവസ്ഥകൾ പാലിച്ച്, സംരംഭകർ സ്വീകരിച്ചിട്ടുള്ള വായ്പയ്ക്ക് ഒടുക്കുന്ന പലിശയ്ക്ക് സബ്സിഡിയോ മാത്രമാണ് അനുവദനീയം. ബാങ്ക് വായ്പ പോലും എടുത്തിട്ടില്ലാത്ത സംരംഭകർക്ക് സബ്സിഡി ഇനത്തിൽ 100000/- രൂപവീതം 4 ഗ്രൂപ്പുകൾക്ക് അനുവദിച്ചത് ക്രമവിരുദ്ധമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ ചുവടെ.

എ) മേൽ പദ്ധതി 2018-19 ൽ ആരംഭിച്ച്, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സ്പിൽ ഓവർ അനുമതി നേടി നിർവഹിച്ചിരിക്കുന്നു. ഒരു പദ്ധതിക്ക് തൊട്ടടുത്ത വർഷത്തേക്ക് മാത്രമാണ് സ്പിൽ ഓവർ അംഗീകാരം നേടി നിർവഹിക്കാവുന്നത്. പദ്ധതി 3 വർഷം തുടർന്നതിനുള്ള കാരണം വ്യക്തമല്ല.

ബി) പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ.

| ക്രമ | സെൽഫ് | ഗ്രൂപ്പ് സ്ഥിതി | സബ്സിഡി | നിർവഹണാധികാരിയുമായി | പദ്ധതി തുക |
|---|---|---|---|---|---|

| നം. | ഹെൽപ്പ് ഗ്രൂപ്പിന്റെ പേര്, അംഗങ്ങളുടെ എണ്ണം | ചെയ്യുന്ന തദ്ദേശ സ്ഥാപനം, വാർഡ് | അനുവദിച്ച സഹകരണബാങ്കിന്റെ പേര് | ചമച്ചിട്ടുള്ള കരാർ തീയതി | മാറി നൽകിയിട്ടുള്ള അക്കൗണ്ടിന്റെ നം, അക്കൗണ്ട് ഓപ്പൺ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | സൗപർണ്ണിക ജെ.എൽ.ജി, 5 അംഗം | കാരോട് ഗ്രാ പ അമ്പിലിക്കോണം വാർഡ് | പൊൻവിള സർവീസ് സഹകരണ ബാങ്ക് | 26.02.2019 | എസ്.ബി. അക്കൗണ്ട് നം. 828 16.02.2019 |
| 2 | മഹിമ ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 94 02.03.2019 |
| 3 | കൃപ ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 93 02.03.2019 |
| 4 | കീർത്തി ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 95 02.03.2019 |

സൗപർണ്ണിക ജെ.എൽ.ജി. ഏർപ്പെട്ടിട്ടുള്ള പ്രവർത്തന മേഖല ഏതാണെന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. മറ്റു മൂന്നു ജെ.എൽ.ജി. കളും ഒരേ ഗ്രാമപഞ്ചായത്തിലെ ഒരേ വാർഡിൽ പ്രവർത്തിക്കുന്നതും, പനയോല കൊണ്ടുള്ള പായ, പെട്ടി തുടങ്ങിയവ നിർമ്മിക്കുന്നവയുമാണ്. മേൽ ജെ.എൽ.ജി കൾ വായ്പ എടുത്തതിനും, വായ്പ തിരിച്ചടവ് നടത്തിയതിനുമുള്ള രേഖകൾ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/07.04.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി പ്രകാരം ചെലവു ചെയ്ത തുക 400000/- രൂപ നിരാകരിക്കുന്നു. മേൽ പ്രകാരം അനുവദിച്ചിട്ടുള്ള 400000/- രൂപ ബന്ധപ്പെട്ട ജെ.എൽ.ജി. കളിൽ നിന്നും രണ്ടു മാസത്തിനുള്ളിൽ ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനെ നഷ്ടോത്തരവാദിയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-19 ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം - സ്ഥാപിക്കാത്ത കളിയുപകരണത്തിന് ചെലവഴിച്ച 35400/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം (75/21) |
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 4,99,909/- |

| | |
|---|---|
| | |
| ഫണ്ട് | CFC Grant |
| ബിൽ നം തീയതി | 63/11.1.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| സാങ്കേതികാനുമതി | 25339/20-21 |

മേൽ പദ്ധതി പ്രകാരം ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മിക്കുന്നതിന്റെ ഒന്നാം ഭാഗമായി ചുറ്റുമതിൽ പണിത് മണൽ നിറയ്ക്കുന്നതിനും രണ്ടാം ഭാഗമായി പാർക്കിൽ കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കി. അസി. എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നിർവ്വഹിച്ച പദ്ധതിയിൽ FIBRO PLAY MATE എന്ന സ്ഥാപനത്തിൽന നിന്നും 10 കളിയുപകരണങ്ങൾ 320960/- രൂപയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വാങ്ങിയിരിക്കുന്നു.

| ക്രമ നം | കളിയുപകരണം | എണ്ണം | വില |
|---|---|---|---|
| 1 | സ്ലൈഡ് 7Ft | 1 | 47200 |
| 2 | ഡക്ക് മെറി ഗോ റൌണ്ട് | 1 | 50150 |
| 3 | ഇക്കോണമി മെറി ഗോ റൌണ്ട് | 1 | 35400 |
| 4 | സീ സോ | 1 | 27730 |
| 5 | ഇക്കോണമി സീ സോ | 1 | 23600 |
| 6 | ഡക്ക് റൈഡർ | 1 | 27140 |
| 7 | ഹോഴ്സ് റൈഡർ | 1 | 23600 |
| 8 | സ്റ്റൻഡേർഡ് സ്വിങ് | 1 | 35400 |
| 9 | ഗാർഡൻ ബഞ്ച് | 1 | 33040 |
| 10 | ഡസ്റ്റ് ബിൻ റാബിറ്റ് | 1 | 17700 |
| | | | 320960 |

പദ്ധതിയുടെ നേരിട്ടുള്ള പരിശോധന വേളയിൽ മേൽ ബിൽ പ്രകാരം വാങ്ങിയ Economy Economy Merry Go Round, Garden Bench, Dustbin Rabbit എന്നീ ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിച്ചിട്ടില്ലാത്തതായി കണ്ടു. ഇതു സംബന്ധിച്ച അന്വേഷണത്തിന് ശേഷം Garden Bench, Dustbin Rabbit എന്നിവ സ്കൂളിൽ എത്തിക്കുന്ന സാഹചര്യമാണുണ്ടായത്. ഇതു സംബന്ധിച്ച സ്ഥല പരിശോധനാ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. പരിശോധന വേളയിൽ പ്രസ്തുത ഉപകരണങ്ങൾ സ്കൂളിൽ കാണാതിരുന്നതിനും ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ

Garden Bench, Dustbin Rabbit എന്നിവ എത്തിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 24/12.04.2022 ന് സ്കൂളിനകത്ത് Garden Bench, Dustbin Rabbit എന്നിവ സൂക്ഷിച്ചിരുന്നതായും Economy Merry Go Round എന്ന ഉപകരണം സ്ഥാപിച്ചിട്ടുള്ളതായും മറുപടി നൽകി. എന്നാൽ പാർക്കിൽ സ്ഥാപിക്കേണ്ട കോൺക്രീറ്റ് Garden Bench, Dustbin Rabbit എന്നിവ സ്കൂളിനകത്ത് സൂക്ഷിച്ചിരുന്നു എന്ന മറുപടി വസ്തുതാ വിരുദ്ധമായതിനാൽ സ്വീകാര്യമല്ലാത്തതാണ്. ഓഡിറ്റ് പരിശോധനാവേളയിൽ കാണാൻ കഴിയാതിരുന്ന ഉപകരണങ്ങൾ ഓഡിറ്റ് അന്വേഷണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തിരികെ എത്തിക്കുകയാണുണ്ടായത്. Economy Merry Go Round സ്ഥാപിച്ചിട്ടുണ്ട് എന്ന മറുപടിയും സ്വീകാര്യമല്ല. സ്കൂൾ പരിസരത്തിൽ കാണപ്പെട്ട Economy Merry Go Round എന്ന ഉപകരണം വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചതിനാൽ തുരുമ്പ് പിടിച്ച് പൊട്ടിപ്പോയതും കുട്ടികൾക്ക് പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത വിധം മണ്ണ് മൂടി ഉപയോഗ ശൂന്യമായ രീതിയിലുമാണ് കാണപ്പെട്ടത്. ഈ പദ്ധതി പ്രകാരം വാങ്ങിയ മറ്റെല്ലാ ഉപകരണങ്ങളും പാർക്കിനുള്ളിൽ 2020-21 ൽ സ്ഥാപിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ Economy Merry Go Round എന്ന ഉപകരണത്തിന് ചെലവായ 35400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. Garden Bench, Dustbin Rabbit എന്നീ ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-20 വിനോദ സഞ്ചാര പാർക്കിന് സമീപം മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ചു

തിരുപുറം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ഇരുവൈക്കോണം കുളത്തിന് സമീപം തുമ്പൂർമുഴി മാലിന്യ സംസ്കരണ പാർക്ക് (47/21) നിർമ്മിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 497825/- (Bill No. 57/24.12.2020) രൂപ വിനിയോഗിച്ചിട്ടുണ്ട്. ജലസമൃദ്ധമായ കുളത്തിന്റെ കരയിൽ, ഇരിപ്പിടത്തിനായി കോൺക്രീറ്റ് ബഞ്ചുകളും, പുൽത്തകിടികളും ഉൾപ്പെടുത്തി മനോഹരമായ പാർക്ക് നിർമ്മിച്ചിരിക്കുന്നതിന്റെ അരികിലാണ് മാലിന്യ സംസ്കരണ പ്ലാന്റ് മേൽ പദ്ധതി പ്രകാരം നിർമ്മിച്ചിരിക്കുന്നത്. വിനോദാവശ്യത്തിന് നിർമ്മിച്ച പാർക്കിനടുത്തായി മാലിന്യ സംസ്കരണത്തിന് എയ്റോബിക് ബിൻ സ്ഥാപിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം 24/12.04.2022 മുഖേന ആവശ്യപ്പെട്ടെങ്കിലും സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ഈ നിർമ്മിതി തിരുപുറം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചെങ്കിലും നാളിതുവരെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. എയ്റോബിക് ബിൻ സ്ഥാപിക്കുന്നതിന് വിനോദസഞ്ചാര സാധ്യതയുള്ള സ്ഥലം തിരഞ്ഞെടുത്തതിനാൽ ലക്ഷ്യം കൈവരിക്കാനാകാതെ പദ്ധതിക്ക് വിനിയോഗിച്ച പണം പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണവും ഈ വിഷയത്തിൽ ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-21 തിരുപുറം വിജ്ഞാനവാടിയുടെ അടിസ്ഥാന സൗകര്യ വികസനം

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | തിരുപുറം വിജ്ഞാനവാടിയുടെ അടിസ്ഥാന സൗകര്യ വികസനം (86/21) |
| അടങ്കൽ തുക | 15,00,000/- |
| ചെലവ് തുക | 13,11,446/- |
| ഫണ്ട് | 2,89,000/- (Dev. Fund) |

| | |
|---|---|
| | 12,11,000/- (SCP Fund) |
| ബിൽ നം തീയതി | 2,89,000/- (11/20.4.2020)<br>10,22,446/- (40/8.10.2020) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കൾക്ക് ലൈബ്രറി, കംമ്പ്യൂട്ടർ വിദ്യാഭ്യാസം എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മേൽ പദ്ധതി പ്രകാരം തിരുപുറം വിജ്ഞാനവാടിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി നടപ്പാക്കി. ഇതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് മേൽക്കൂര, ചുറ്റുമതിൽ, ടോയ്ലറ്റ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണ ഫോറത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതിയുടെ സ്ഥലപരിശോധനാ വേളയിൽ ഈ കെട്ടിടം യാതൊരു പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാതെ വൃത്തിഹീനമായും ചുറ്റുപാടും കാട് കയറി നശിച്ച നിലയിലും കണ്ടെത്തി. ഇത് സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന വസ്തുതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/12.04.2022) മറുപടി ലഭ്യമാക്കിയില്ല.

(എ) വിജ്ഞാനവാടി സ്ഥാപിച്ചതിന്റെ ഉദ്യേശലക്ഷ്യവും കാലയളവും അറിയിക്കേണ്ടതാണ്.

(ബി) നാളിതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശം

(സി) വിജ്ഞാനവാടിയുടെ നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ആർക്കാണ്.

(ഡി) തുടർ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് ഗുണഭോക്തൃ സമിതിയെ തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം.

(ഇ) 1500000/- രൂപ എസ് സി പി ഫണ്ടിൽ വകയിരുത്തി നടപ്പാക്കിയ പദ്ധതി പ്രവർത്തനലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവായി പരിണമിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

(എഫ്) പദ്ധതി ചെലവ് തുക ഗുണഭോക്തൃ സമിതി കൺവീനറുടെയും ചെയർമാന്റെയും സംയുക്ത അക്കൗണ്ടിൽ നൽകാതെ വിജ്ഞാനവാടി ടീച്ചറും പദ്ധതിയുടെ കൺവീനറുമായ ശ്രീമതി. ഷീബ ടി, (അനുജിത് ഭവൻ, ബ്ലോക്ക ഓഫീസിന് എതിർ വശം, പാറശ്ശാല) എന്ന വ്യക്തിയുടെ പേരിലുള്ള വ്യക്തിഗത അക്കൗണ്ടിൽ നൽകിയിരിക്കുന്നു.

മേൽ വസ്തുതകൾക്ക് / അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വിജ്ഞാനവാടി നിർമ്മിച്ചതിന്റെ ഉദ്യേശലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി അറിയിക്കേണ്ടതുമാണ്.

## 1-22 പൊഴിക്കരയിൽ പാർക്ക് നിർമ്മാണം - പദ്ധതി ലക്ഷ്യം കണ്ടില്ല

വിനോദസഞ്ചാരികളുടെ സൗകര്യാർത്ഥം പൊഴിക്കരയിൽ ചിൽഡ്രൻസ് പാർക്ക്, പാർക്കിന് സൈഡ് വാൾ എന്നിവ നിർമ്മിക്കുന്നതിന് (52/2021) വികസന ഫണ്ടിൽ നിന്നും 494656/-രൂപ (Bill N0.47/12.11.2020) ചെലവഴിച്ചു. എന്നാൽ 45 Mtr നീളത്തിൽ ചുറ്റുമതിൽ മാത്രം നിർമ്മിച്ചിരിക്കുന്നു. വിനോദസഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ മറ്റ് പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ല. സർക്കാരുമായി കൂടിയാലോചിച്ച് വിനോദസഞ്ചാരമേഖയിൽ ഉചിതമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബൃഹത്തായ പദ്ധതികൾ നടപ്പാക്കുന്നതിന് പകരം വളരെ കുറഞ്ഞ തുക വകയിരുത്തി ഭാഗികമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തി കൈവരിക്കുന്നില്ല. വിനോദസഞ്ചാരികൾക്ക് വിശ്രമത്തിനും ഉല്ലാസത്തിനും പ്രയോജനപ്പെടുന്ന തരത്തിൽ സമയോജിതമായി അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനും അതിലൂടെ വിനോദസഞ്ചാര മേഖല അഭിവൃദ്ധിപ്പെടുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതികൾ തയ്യാറാക്കി സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ പൊതുവായ അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 172(1) പ്രകാരം

സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളത്. സർക്കാർ സ്കൂളുകൾ ഗ്രാമ/ജില്ലാ പഞ്ചായത്തുകൾക്കാണ് കൈമാറിയിട്ടുള്ളത് എന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവൃത്തി നിർവഹിക്കുന്നതിനു മുൻപ്, ബന്ധപ്പെട്ട ഗ്രാമ/ ജില്ലാ പഞ്ചായത്തുകളുടെ രേഖാമൂലമുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം രേഖാമൂലമുള്ള അനുവാദവും ഇല്ലാതെ ഗ്രാമ പഞ്ചായത്തുകളുടെയും, ജില്ലാ പഞ്ചായത്തിന്റെയും ചുമതലയിലുള്ള സ്ഥാപനങ്ങളിൽ പദ്ധതികൾ നടപ്പാക്കി. ഭരണസമിതി ഈ വിഷയം പരിശോധിച്ച് വരും വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ നിയമപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

2. നീർച്ചാൽ സംരക്ഷണത്തിന്റെ ഭാഗമായി ഓട നിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ എസ്റ്റിമേറ്റിൽ 11.1.1.1 സ്പെസിഫിക്കേഷനിലുള്ള Earth Work In Excavation For Structures ....... എന്ന ഇനം ഉൾപ്പെടുത്തി M3 ന് 523.07 എന്ന നിരക്ക് നല്കിയിരിക്കുന്നു. ഉദാ. കുമിളി പമ്പ് ഹൌസിന് വടക്കുവശം നീർച്ചാൽ സംരക്ഷണത്തിന്റെ ഭാഗമായി ഓട നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇനം ഒന്നിൽ 11.1.1.1 സ്പെസിഫിക്കേഷനിലുള്ള Earth Work In Excavation For Structures ....... എന്ന ഇനം ഉൾപ്പെടുത്തി M3 ന് 523.07 എന്ന നിരക്ക് നല്കിയിരിക്കുന്നു. ഓട നിർമ്മാണത്തിനുള്ള എർത്ത് വർക്കിന് 2.8.1 എന്ന സ്പെസിഫിക്കേഷൻ ബാധകമായിരിക്കേ അധിക നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/6.4.2022) മറുപടിയായി ഓട നിർമ്മാണം MORD സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും DSR സ്പെസിഫിക്കേഷൻ പ്രകാരമുള്ള 2.8.1 എന്ന ഇനം ഈ പ്രവത്തിയിക്ക് നൽകുവാൻ സാധിക്കുകയില്ല എന്ന് മറുപടി നൽകി. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി വരുന്ന എർത്ത് വർക്ക് ഇനങ്ങൾക്ക് ഉപയോഗിക്കുന്ന കൂടിയ നിരക്കിലുള്ള ഇനം നീർച്ചാൽ സംരക്ഷണത്തിന്റെ ഭാഗമായി ഓട നിർമ്മിക്കുന്നതിനുള്ള പദ്ധതികളുടെ എർത്ത് വർക്കിന് ഉപയോഗിക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

3. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പദ്ധതിയുടെ ചെലവ് തുക ഗുണഭോക്തൃകമ്മിറ്റി ചെയർമാന്റേയും കൺവീനറുടെയും സംയുക്ത അക്കൌണ്ടിലാണ് നൽകേണ്ടത്. എന്നാൽ ഗുണഭോക്തൃകമ്മിറ്റി കൺവീനറുടെ വ്യക്തിഗത അക്കൌണ്ടിൽ തുക നൽകിയിരിക്കുന്നു. ഉദാ. തിരുപുറം വിജ്ഞാനവാടിയുടെ അടിസ്ഥാന സൌകര്യ വികസനം പദ്ധതിയുടെ ചെലവ് തുക ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീമതി. ഷീബ ടി, എന്ന വ്യക്തിയുടെ പേരിലുള്ള വ്യക്തിഗത അക്കൌണ്ടിൽ നൽകിയിരിക്കുന്നു.

4. കുഴിച്ചെടുത്ത മണ്ണ് അതേ പ്രവത്തിയുടെ Earth Filling ന് ഉപയോഗിച്ചിട്ടില്ല. കടൽത്തീരമായതിനാൽ കുഴിച്ചെടുത്ത മണ്ണ് വിനിയോഗിക്കാൻ സാധിച്ചില്ല എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി. എന്നാൽ മണ്ണ് ഉപയോഗശൂന്യമാണെന്ന വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. പൊഴിയൂർ പരുത്തിയൂർ ഗ്രൌണ്ടിൽ പൊതുടോയ്ലറ്റ് (128/21) എന്ന പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഐറ്റം നം ഒന്ന് പ്രകാരം 153m3 മണ്ണ് കുഴിച്ചെടുത്തതിന് 32826/- നൽകിയിട്ടുണ്ട്. Extra Item 6 പ്രകാരം 26.81m3 Earth Filling നടത്തിയതിന് 10782/- രൂപ നൽകി. കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതിരുന്നതിന്റെ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

5. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പദ്ധതിയുടെ ചെലവ് രേഖകളിൽ കരാറുകാരന് തുക നൽകിയതായ കാഷ് വൌച്ചർ സൂക്ഷിച്ചിരിക്കുന്നു. പൊഴിയൂർ പരുത്തിയൂർ ഗ്രൌണ്ടിൽ പൊതുടോയ്ലറ്റ് (128/21) നിർമ്മാണം എന്ന പദ്ധതിയുടെ ചെലവ് രേഖകളോടൊപ്പം ലേബർ ചാർജ്ജിനത്തിൽ, ശ്രീ.രഘു എന്ന കരാറുകാരന് തീയതി രേഖപ്പെടുത്താത്ത കാഷ് വൌച്ചർ പ്രകാരം 142303/- രൂപയും 3.4.2021 തീയതിയിലെ കാഷ് വൌച്ചർ പ്രകാരം 100000/- രൂപയും നൽകിയിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷത്തിന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. കാരോട് 92 -ാം നം അംഗൻവാടിയിൽ ടോയ്ലറ്റ് നിർമ്മാണത്തിന് അംഗീകാരം ലഭിച്ച ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്ന Supplying Playing Toys എന്ന ഇനം (Extra Item No.12, Mbook Page No.71, 405/20-21) റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടപ്പാക്കിയതിന് തുക വിനിയോഗിച്ചു. പ്രവൃത്തിയുടെ നിർമ്മാണ ഘട്ടത്തിൽ ചില ഐറ്റങ്ങളുടെ അളവുകൾ വ്യത്യാസപ്പെടുത്തേണ്ടതിന്റെയും ചില ഐറ്റങ്ങൾ ഉൾപ്പെടുത്തേണ്ട ആവശ്യമുള്ളതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനാണ് 10.2.2021 തീയതിയിലെ II(4) -ാം നം ഭരണസമിതി തീരുമാനം ഉണ്ടായിട്ടുള്ളത്. എന്നാൽ ടോയ്ലറ്റ് നിർമ്മാണവുമായി യാതൊരു ബന്ധവുമില്ലാത്ത കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനാണ് തുക (24990/-രൂപ) വിനിയോഗിച്ചത്. ഗ്രാമപഞ്ചായത്തിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും ചുമതലയിൽപ്പെടുന്നതും നടപ്പാക്കേണ്ടതുമായ അംഗൻവാടി മെയിന്റനൻസ് പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കി.

മേൽ അപാകതകളിൻമേൽ വിശദീകരണം നൽകേണ്ടതും ഭാവിയിൽ പദ്ധതി നടത്തിപ്പ് വേളയിൽ അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-24 ചെലവ് രേഖ സമർപ്പിച്ചിട്ടില്ല-77760/-രൂപ തടസ്സപ്പെടുത്തുന്നു

സുലേഖ ചെലവ് പത്രിക പ്രകാരം കിണർ റീചാർജ് പദ്ധതിയ്ക്കായി (S098/20-21) 384480/-രൂപ (സാധാ വിഹിതം) അടങ്കൽ വകയിരുത്തി 77760/-രൂപ നിർവഹണോദ്യോഗസ്ഥയായ കൃഷി അസി. ഡയറക്ടർ മുഖേന ചെലവഴിച്ചിരിക്കുന്നു. പ്രസ്തുത

പ്രോജക്ടിന്റെ ചെലവ് രേഖകൾ, അപേക്ഷകൾ, ബിൽ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തിനെ തുടർന്ന് നൽകിയ അന്വേഷണകുറിപ്പ് 25/2022 -ന് നിർവഹണോദ്ധ്യോസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. 1997- ലെ കേരളാ പഞ്ചായത്തിരാജ്/മുനിസിപ്പാലിറ്റി(പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം12(2)പ്രകാരം ബന്ധപ്പെട്ട കണക്കുകളോ, രേഖകളോ നൽകാൻ വീഴ്ചവരുത്തിയാൽ അത്തരം രേഖയോ, കണക്കുകളോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 77760/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. പ്രോജക്ടിന്റെ ചെലവ് രേഖകൾ, അപക്ഷകൾ, ബിൽ രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 മുഴവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായില്ല- 149052/- രൂപ തടസ്സപ്പെടുത്തുന്നു.

ഇൻഹൌസ് ഡ്രഗ് ബാങ്ക് , തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മുഴവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര്, നം | അടങ്കൽ | ചെലവ് / ബിൽ നം , തീയതി | തുക നൽകിയത് | ആകെ ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ , പാറശ്ശാല | പാറശ്ശാല താലൂക്ക് ആശുപത്രിയിൽ മരുന്ന് വാങ്ങിയത് 67/21 | 10ലക്ഷം ( മെയിന്റൻസ് ഫണ്ട് റോഡിതരം) | 10 ലക്ഷം 5/09.09.20 | ഇൻഹൌസ് ഡ്രഗ് ബാങ്ക് ,തിരുവനന്തപുരം | 9,24,580/- | 75420/- |
| 2 | മെഡിക്കൽ ഓഫീസർ , സി എച്ച് സി പൂവാർ | സെക്കന്ററി സാന്ത്വന പരിചരണം 70/21 | 5 ലക്ഷം ( പൊതുവിഭാഗം സാധാ) | 5ലക്ഷം 3/20.08.20 Rs.4,50,000/- 24/29.3.21 Rs.50,000/- | | 4,26,368/- | 73632/- |
| | ആകെ | | | | | | 149052 |

149052/- രൂപയുടെ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ആയവ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ലഭ്യമാകാത്ത മരുന്നുകൾക്കുള്ള ചെലവ് 149052/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം.1/05.04.2022,27/13.04.2022 )

ക്രമ നം 2 ൽ ലഭ്യമായ മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം , തീയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| 7492/03.09.20 | 118213 |
| 7493/03.09.20 | 84212 |
| 7494/03.09.20 | 4791 |
| 7890/10.09.20 | 82168 |
| 12733/28.11.20 | 119635 |
| 6569/14.08.20 | 17349 |
| ആകെ | 426368 |

ക്രമ നം.2 ൽ ബിൽ നം 24/29.3.21 പ്രകാരം വാങ്ങിയ 50,000/- രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ

ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-26 നിലവിലില്ലാത്ത എമർജൻസി കെയർ യൂണിറ്റിനായി ഉപകരണങ്ങൾ വാങ്ങി, ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. 3,92,347/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - പൂവാർ സി എച്ച് സി യിൽ കോവിഡ് പ്രതിരോധ പ്രവർ ത്തനങ്ങൾ (132/21)

നിർവഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ (സി എച്ച് സി)

അടങ്കൽ - 4,00,000/- (വികസന ഫണ്ട്പൊതുവിഭാഗം)

ചെലവ് -3,92,347/- ( ബിൽ നം14/07.12.20)

കോവിഡ് 19പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പൂവാർ താലൂക്ക് ആശുപത്രിയിൽ ഐ.സി.യു ബെഡും അനുബന്ധസൗകര്യങ്ങളും ഒരുക്കുന്നതിന് 4ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപറേഷന് 3,92,347/- രൂപ നൽകിയിട്ടുണ്ട്. ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങളുടെ മെയിന്റൻസ് ചാർജ്, സർവീസ് ചാർജ് എന്നിവ ഉൾപ്പെടെയാണ് തുക നൽകിയിരിക്കുന്നത്. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ

| ക്രമ നം | ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇനം | വില (രൂപ) |
|---|---|---|
| 1 | ഐ.സി.യു കോട്ട് മോഡൽ എ@36,067*8=Rs.2,88,536/-<br>മെയിന്റൻസ് ചാർജ് 350*8=Rs.2,800/- | 2,91,336/- |
| 2 | മൾട്ടി പരാമീറ്റർ മോണിറ്റർ,(Rs.60,010/-),മോണിറ്റർ സ്റ്റാന്റ് (Rs.2,841/-), റീയൂസബിൾ SPO2 പ്രോബ് വിത്ത് കേബിൾ (Rs.5,412/-)<br>മെയിന്റൻസ് ചാർജ് Rs.12,800/- | 81,062/- |
| 3 | എക്സാമിനേഷൻ ടേബിൾ Rs.18,644/-<br>സർവീസ് ചാർജ് Rs.1,305/- | 19,949/- |
| | ആകെ | 3,92,347/- |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ക്രമ നം.1 ൽ പരാമർശിച്ചിട്ടുള്ള ഇനമായ ഐ.സി.യു കോട്ടുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളു. 8 ഐ.സി.യു കോട്ടുകൾക്കുള്ള വിലയാണ് നൽകിയതെങ്കിലും 7എണ്ണം മാത്രമേ ബിൽ പ്രകാരം (ഇ വേ ബിൽ നം 301422229379 തീയതി 10.03.2022) ലഭ്യമായിട്ടുള്ളു (ബിൽ തുക 2,71,754/- രൂപ). ഒരു ഐ.സിയു കോട്ടിന് അധികമായി നൽകിയ തുക കാരുണ്യയിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

ബി) KMSCL ന് തുക മുൻകൂറായി നൽകിയിരിക്കുന്നത് 07.12.20 ൽ (2020-21) ആണ്. എന്നാൽ പർച്ചെയ്സുകൾക്കുള്ള KMSCL ന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നത് അടുത്ത സാമ്പത്തിക വർഷത്തിലാണ് (28.04.2021 , 2021-22 ). ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് മുൻപുതന്നെ തുക കൈമാറിയിരിക്കുന്നു. ഇ വേ ബിൽ പ്രകാരം ഉപകരണം ലഭ്യമായിരിക്കുന്നത് മാർച്ച് 2022 ലാണ്. ഉപകരണം ലഭ്യമാകുന്നതിന് ഒരുവർഷത്തിലധികം കാലതാമസമുണ്ടായി. മുൻകൂറായി തുക നൽകിയിട്ടും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി അടിയന്തിരമായി ലഭ്യമാകേണ്ട ക്രമ നം 2,3 പ്രകാരമുള്ള ഇനങ്ങൾ നാളിതുവരെ ലഭ്യമായിട്ടുമില്ല.

സി) 12.04.2022 ൽ പൂവാർ സി എച്ച് സിയിൽ നടത്തിയ സ്ഥലപരിശോധനയിൽ ലഭ്യമായ ഐ.സി.യു കോട്ടും അനുബന്ധ ഉപകരണങ്ങളും ആശുപത്രിയിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. നിലവിൽ സി.എച്ച്.സി യിൽ ഐ.സി.യു പ്രവർത്തിക്കുന്നില്ല. ആരംഭിച്ചിട്ടില്ലാത്ത ഐ.സി.യുവിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങാൻ തീരുമാനിച്ചതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/13.04.2022) മറുപടി ലഭ്യമായിട്ടില്ല.

നിലവിലില്ലാത്ത/ആരംഭിച്ചിട്ടില്ലാത്ത ഐ.സി.യു യൂണിറ്റിലേയ്ക്ക് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാനാകാതെ സൂക്ഷിച്ചിരിക്കുന്ന വിവരവും ഉപകരണങ്ങൾ പ്രയോജനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനുള്ള മാർഗനിർദ്ദേശത്തിനായും പ്രസ്തുത വിവരങ്ങൾ സർക്കാരിനെ അറിയിക്കേണ്ടതാണ്. അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഴവൻ തുകയ്ക്കുമുള്ള ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാലും ലഭ്യമായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലും ചെലവുതുക 3,92,347/- രൂപ തടസ്സപ്പെടുത്തുന്നു. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം- അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പിലാക്കി .48 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി , തുക |
|---|---|---|---|---|
| 1 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം | 3737888 (വികസന ഫണ്ട് എസ് സി പി) | 37ലക്ഷം | 10/24.12.20, Rs.4,50,000/- 11/24.12.20, Rs.4,00,000/- 12/11.01.21, Rs.3,00,000/- 14/18.2.21 Rs.2,50,000/- 15/18.2.21 Rs.2,00,000/- 16/18.2.21 Rs.3,50,000/- 17/18.2.21 Rs.2,00,000/- 18/18.2.21 Rs.2,00,000/- 19/21.2.21 Rs.2,00,000/- 20/12.3.21 Rs.50,000/- 21/12.3.21 Rs.3,00,000/- 22/23.3.21 Rs.5,50,000/- 25/30.3.21 Rs.2,00,000/- 26/30.3.21 Rs.50,000/- |
| 2 | പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം സ്പിൽ ഓവർ (പ്രോജക്ട് നം 17) | 1150000 (വികസന ഫണ്ട് പൊതുവിഭാഗം-61877 വികസന ഫണ്ട് എസ് സി.പി- 10088123) | 1100000 | 13/11.01.2021 Rs.50,000/- 8/07.09.20 Rs.50,000/- 9/07.09.20 Rs.50,000/- 1/28.04.20 Rs.1,00,000/- 2/ 28.04.20 Rs.2,00,000/- 3/28.04.20 Rs.1,00,000/- 4/ 28.04.20 Rs.1,00,000/- 5/ 28.04.20 Rs.2,00,000/- 6/ 28.04.20 Rs.1,50,000/- 7/ 28.04.20 Rs.1,00,000/-) |

പ്രോജക്ട് നിർവഹണം സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അപാകതകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.1 ൽ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ ഗുണഭോക്തൃലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 37ഗുണഭോക്താക്കൾക്ക് 1ലക്ഷം രൂപ വീതം 37ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നു.

. സ.ഉ (കൈ) 22/2018 ത.സ്വ.ഭ.വ തീയതി 14.02.2018 പ്രകാരം വിവിധ ഭവനനിർമാണ പദ്ധതികൾ (ഇ.എം.എസ് ഭവനപദ്ധതി, ഐ.എ.വൈ ഭവനപദ്ധതി, എസ് സി *എസ്.ടി വകുപ്പുകളുടെ ധനസഹായപ്രകാരം നിർമാണം ആരംഭിച്ചവ മുതലായവ) മുഖേന ഭവനനിർമാണം ആരംഭിച്ച് നിർമാണം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിക്കാവുന്നത്. പൂർത്തിയാകാത്ത ഭവനങ്ങൾ സംബന്ധിച്ച പ്രത്യേക നിർദ്ദേശ പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും ആവശ്യമായ തുക വകയിരുത്തണം. (സ.ഉ(എം.എസ്) 196/*2017/തസ്വഭവ തിരുവനന്തപുരം തീയതി 11.10.2017) . ഭവനപൂർത്തീകരണത്തിനായി എന്തൊക്കെ പ്രവർത്തികളാണ് അവശേഷിക്കുന്നതെന്നും ആയതിന്റെ എസ്റ്റിമേറ്റ് തയാറാക്കിയതിന്റെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് പരിശോധിച്ച് ഓരോ ഗുണഭോക്താവിനും വീട് പൂർത്തീകരണത്തിന് ആവശ്യമായ തുക കണക്കാക്കുകയും ചെയ്തിട്ടില്ല. എല്ലാ ഗുണഭോക്താക്കൾക്കും 1 ലക്ഷം രൂപ വീതം നൽകിയിരിക്കുന്നു.

. ഏതു പദ്ധതി പ്രകാരം വീട് നിർമാണത്തിന് ആനുകൂല്യം അനുവദിച്ച വ്യക്തിയാണെന്ന സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ഭവനനിർമാണം പൂർത്തീകരിച്ചിരുന്നില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നിന്ന് ഹാജരാക്കിയ ഭവനനിർമാണഗുണഭോക്താക്കളുടെ (ഐ.എ.വൈ, പി.എം.എ.വൈ)വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം വീട് നിർമാണം പൂർത്തിയായതായും മുഴുവൻ തുകയും നൽകി വീട് ഇൻഷ്വർ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്.

ഉദാ-

| ഗുണഭോക്താവിന്റെ പേര് | ഭവന പദ്ധതി ,<br>വർഷം | രജിസ്റ്ററിലെ രേഖപ്പെടുത്തൽ ,<br>നൽകിയ തുക |
|---|---|---|
| വനീഷ, പൂവാർ | ഐ എ വൈ 2012-13 , പേജ് നം 25 | പൂർത്തിയായി , 2 ലക്ഷം |
| രാജു എസ്, തിരുപുറം | ഐ എ വൈ 2012-13 | പൂർത്തിയായി, 2 ലക്ഷം |
| ശോഭന ജെ, പൂവാർ | ഐ എ വൈ 2014-15 | പൂർത്തിയായി, 211440/- |
| വസന്ത , പൂവാർ | ഐ എ വൈ 2014-15 | പൂർത്തിയായി, 3 ലക്ഷം |
| ചന്ദ്രിക ആർ പാറശ്ശാല | ഐ എ വൈ 2013-14 | പൂർത്തിയായി , 2ലക്ഷം |

ഇപ്രകാരം വീട് പണി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് "പൂർത്തിയാക്കാത്ത വീടുകൾക്ക് ധനസഹായം' എന്ന പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നു.

.ചുവടെ ചേർക്കുന്ന അപേക്ഷകർ ഐ.എ.വൈ പദ്ധതി പ്രകാരം ഭവനനിർമാണ ധനസഹായം കൈപ്പറ്റിയവരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല

ഉദാ-

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഭവന പദ്ധതി ,<br>വർഷം (സാക്ഷ്യപത്ര പ്രകാരം ) | കുറിപ്പ് |
|---|---|---|---|
| 1 | സുരേന്ദ്രൻ റ്റി , ചെങ്കൽ | ഐ എ വൈ 2007-08 | രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല |
| 2 | ഇന്ദിര പി , ചെങ്കൽ | ഐ എ വൈ 2008-09 | രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല |
| 3 | ശ്രീമതി , പാറശ്ശാല | ഐ എ വൈ 2010-11 | രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല |
| 4 | അമൃതകല പി, പാറശ്ശാല | ഐ എ വൈ 2011-12 | രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല |

ക്രമ നം.1,2,4 പ്രകാരമുള്ള ഗുണഭോക്താക്കൾ പട്ടികജാതി വികസന വകുപ്പിൽ നിന്ന് ധനസഹായം ലഭ്യമായവരാണെന്നും ക്രമ നം 3 പ്രകാരമുള്ള വ്യക്തിക്ക് ഐ.എ.വൈ പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമായതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടുണ്ട് (നം.16). എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ മറുപടിയോടൊപ്പം ഉൾക്കൊള്ളിച്ചിട്ടില്ല. കൂടാതെ ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രവുമില്ല.

.ശ്രീ രാജേഷ് ആർ, കളത്തൂർ എന്ന വ്യക്തി ഏതു ഭവനപദ്ധതിയുടെ ഗുണഭോക്താവായിരുന്നു എന്നതിന്റെ രേഖയില്ല. വീട് നിർമാണം നടത്താത്തവർക്ക് വീട് പൂർത്തീകരിക്കുന്നതിനുള്ള ആനുകൂല്യം നൽകിയിരിക്കുന്നു.

. പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭ്യമായവരുടെ ലിസ്റ്റ് ബന്ധപ്പെട്ട ഗ്രാമസഭയോഗങ്ങളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല

അർഹത ഉറപ്പുവരുത്താതെ ആനുകൂല്യം നൽകിയതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 16,29) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് "സ.ഉ(കൈ) നം 22/2018 പ്രകാരം ഭവനനിർമാണം പൂർത്തിയാകാത്തതും വീടുനിർമാണത്തിൽ പൂർത്തീകരിക്കാത്ത ഘടകങ്ങളുടെ പുതിയ നിർമിതിയ്ക്കായുമാണ് ടി പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചത്. സാങ്കേതികമായി ഭവനനിർമാണ ധനസഹായത്തിന്റെ എല്ലാ ഗഡുക്കളും കൈപ്പറ്റിയാലും ടി ധനസഹായം കൊണ്ട് നിർമിക്കുന്ന വീടുകളുടെ എല്ലാ നിർമാണ ഘടകങ്ങളും പൂർത്തീകരിക്കാൻ സാമ്പത്തിക പരാധീനത കാരണം ഗുണഭോക്താക്കൾക്ക് പലപ്പോഴും കഴിയാറില്ല.ഭവന നിർമാണ ധനസഹായമായി വിവിധ വകുപ്പുകൾ നൽകുന്ന തുകയുടെ പരിമിതി മൂലമാണ് പലപ്പോഴും നിർമാണം പൂർത്തീകരിക്കാനാവാതെ ഇപ്രകാരം സംഭവിക്കുന്നത്. വീട് പണി

പൂർത്തിയാക്കിയവർക്ക് ആർക്കും തന്നെ ടി പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടില്ല."

. ക്രമ നം 2 പ്രകാരമുള്ള പ്രോജക്ടിന്റെ നിർവഹണത്തിലും മേൽപരാമർശിച്ച അപാകതകളുണ്ട്.

. പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം എന്ന പദ്ധതിയിൽ സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാലും, വീട് വാസയോഗ്യമാക്കൽ എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ പാടില്ലാത്തതിനാലും (സ.ഉ( കൈ) 22/2018/തസ്വഭവ തീയതി 14.02.2018). പ്രോജക്ടുകൾ പ്രകാരമുള്ള 2020-21 വർഷത്തെ ചെലവ് 48ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 പകൽവീടിനു വസ്തുവാങ്ങൽ - വാങ്ങൽ നടപടികളിലെ അപാകങ്ങൾ - 6,98,885/-രൂപ തടസ്സം ചെയ്യുന്നു

പ്രോജക്ട് നം. 11/21 കാരോട് ഗ്രാമപഞ്ചായത്തിൽ വട്ടൂർക്കോണം വാർഡിൽ പകൽവീട് പണിയുന്നതിന് വസ്തു വാങ്ങൽ

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം

അടങ്കൽ തുക - 7,00,000/-

ചെലവ് തുക - 6,98,885/-

ബിൽ നം. - 9/29.04.2020 - 6,30,000/-

5/24.04.2020 - 68,885/-

നിർവഹണാധികാരി- സെക്രട്ടറി

കാരോട് ഗ്രാമപഞ്ചായത്തിലെ വട്ടൂർക്കോണം വാർഡിൽ പകൽവീട് പണിയുന്നതിലേക്കായി ശ്രീമതി ശ്രീകല, ആദർശ് ഭവൻ, അമ്പിലിക്കോണം എന്ന വ്യക്തിയുടെ കാരോട് വില്ലേജിലെ ബ്ലോക്ക് നം.28 റീസർവേ നം.391/7/2-1 ലെ 2.84 ആർ സ്ഥലമാണ് പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്. ശ്രീമതി ശ്രീകലയുടെ ടി സർവേയോട് ചേർന്നു കിടന്ന 3 സെന്റ് സ്ഥലം 27.03.2017 ൽ അംഗൻവാടി നിർമ്മാണത്തിനായി കാരോട് ഗ്രാമപഞ്ചായത്ത് വാങ്ങിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.

എ) കാരോട് ഗ്രാമപഞ്ചായത്തിലെ വട്ടൂർക്കോണം വാർഡിൽ പകൽവീട് പണിയേണ്ടത് ആവശ്യമാണെന്നും, ആയതിലേക്ക് വസ്തു വാങ്ങി നിർമ്മാണം നടത്തി നൽകണമെന്നും കാരോട് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല. പകൽ വീട് ആവശ്യമാണെന്നോ, പരിപാലനം നടത്താമെന്നോ ഗ്രാമപഞ്ചായത്ത് താത്പര്യമോ, സമ്മതമോ രേഖപ്പെടുത്തി നൽകിയിട്ടില്ല.

ബി) വസ്തു വാങ്ങലിനായി താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പ്രസിദ്ധപ്പെടുത്തുന്നതിന് 27.08.2019 ൽ ജനയുഗം പത്രത്തിന് കത്ത് നൽകിയിരുന്നു. പരസ്യം പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയതിനുള്ള രേഖകൾ ലഭ്യമായില്ല.

സി) ശ്രീമതി ശ്രീകല യുടെ മേൽ സർവേയിലെ വസ്തു പകൽ വീട് നിർമ്മിക്കുന്നതിനു അനുയോജ്യമാണോയെന്ന് പരിശോധിക്കുന്നതിന് 26.09.2019 ലെ ഭരണസമിതി തീരുമാനം 111(5) തീരുമാനത്തിലൂടെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബ്ലോക്ക് ഡിവിഷൻ മെമ്പർ എന്നിവർ അംഗങ്ങളായി ഒരു ഉപസമിതിയെ ചുമതലപ്പെടുത്തിയിരുന്നു. സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

ഡി) വസ്തുവിന്റെ വില നിശ്ചയിച്ച് നൽകുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 09.10.2019 തീയതിയിൽ തഹസിൽദാർക്ക് കത്ത് നൽകിയെങ്കിലും, അപ്രകാരം വസ്തുവിന്റെ വില നിശ്ചയിച്ച് ലഭിച്ചിട്ടില്ല.

ഇ) പദ്ധതി പ്രകാരം വാങ്ങിയ വസ്തു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് പോക്കുവരവ് ചെയ്ത് കരം ഒടുക്കിയിട്ടില്ല. വസ്തുവിന്റെ അസൽ പ്രമാണം പരിശോധനക്ക് ലഭ്യമായില്ല.

എഫ്) പകൽവീട് നിർമ്മാണം പൂർത്തിയാക്കി രേഖാമൂലം കാരോട് ഗ്രാമപഞ്ചായത്തിനു കൈമാറുകയോ, പകൽവീടിന്റെ നടത്തിപ്പിനും, പരിപാലനത്തിനുമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പകൽവീട് പ്രവർത്തനം ആരംഭിച്ചതു സംബന്ധിച്ച രേഖകളും ലഭ്യമായില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/08.04.2022) അപാകതകൾക്ക് മറുപടി ലഭ്യമാകാത്തതിനാലും, റവന്യൂ അധികാരികളിൽ നിന്നും വസ്തുവിന്റെ വില നിശ്ചയിച്ച് ലഭിച്ചിട്ടില്ലാത്തതിനാലും, വസ്തു ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് പോക്കുവരവ് ചെയ്ത് കരം ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കാത്തതിനാലും പദ്ധതി പ്രകാരം ചെലവ് ചെയ്ത തുക 6,98,885/-രൂപ തടസ്സം ചെയ്യുന്നു.

## 1-29 സംയുക്ത ഭവന പദ്ധതികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമല്ല.

വിവിധ ഭവനപദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോ. നം., പേര് | ആകെ അനുവദിച്ച തുക | ഗ്രാമപഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 119/21 ലൈഫ് പദ്ധതി (ജനറൽ) | 2306000 | തിരുപുറം | 426000 |
| | | | കാരോട് | 800000 |
| | | | ചെങ്കൽ | 400000 |
| | | | പാറശ്ശാല | 560000 |
| | | | വ്യക്തമല്ല | 120000 |
| 2 | 120/21 ന്യൂലൈഫ് പദ്ധതി | 1950000 | തിരുപുറം | 980000 |
| | | | കുളത്തൂർ | 480000 |
| | | | ചെങ്കൽ | 370000 |
| | | | പാറശ്ശാല | 80000 |
| | | | പൂവാർ | 40000 |
| 3 | 91/21 ന്യൂലൈഫ് (പട്ടികജാതി) | 1110000 | പാറശ്ശാല | 270000 |
| | | | കുളത്തൂർ | 320000 |
| | | | പൂവാർ | 160000 |
| | | | ചെങ്കൽ | 360000 |
| 4 | 99/21 ലക്ഷം വീട് പുനരുദ്ധാരണം (ബ്ലോക്ക് വിഹിതം) | 270000 | പാറശ്ശാല | 180000 |
| | | | കുളത്തൂർ | 90000 |

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തുകൾ ലഭ്യമാക്കിയിട്ടില്ല. പ്രോ. നം. 119/21 ന് ബ്ലോക്ക് പഞ്ചായത്ത് ആകെ 23,06,000/- രൂപ ചെലവ് ചെയ്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച വെബ് സാംഖ്യ സ്റ്റേറ്റ്മെന്റിൽ 21,86,000/- രൂപ കൈമാറിയതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. 1,20,000/- രൂപ ഏതു ഗ്രാമപഞ്ചായത്തിനു അനുവദിച്ചുവെന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/11.04.2022) മറുപടി ലഭ്യമാക്കിയില്ല. പദ്ധതികൾ പ്രകാരമുള്ള തുക ഏതൊക്കെ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചതാണെന്ന് വ്യക്തത വരുത്തേണ്ടതും, വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-30 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് സൗകര്യമൊരുക്കൽ - 1,65,191/- രൂപയുടെ

ചെലവ് നിരാകരിക്കുന്നു.

പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടങ്ങിയവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു.

എ) പ്രോ.നം. 105/21 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരം- ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ (സ്പിൽ ഓവർ 123/20)

ഫണ്ടിനം - വികസന ഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 800000

തൻവർഷ ചെലവ് - 664640/-

നിർവഹണാധികാരി- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

8ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന ടി പദ്ധതിയിൽ നിന്നും 1,35,360/-രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ചെലവു ചെയ്തിരുന്നു. തൻവർഷം ടി പദ്ധതിയിൽ നിന്നും നടത്തിയ ചെലവിന്റെ വിശദാംശം ചുവടെ.

| ബിൽ നം./തീയതി | ബിൽ തുക | കുറിപ്പ് |
|---|---|---|
| 18/15.09.2020 | 70014 | വിവിധ ബോർഡുകൾ സ്ഥാപിച്ചത്, ടവലുകൾ വാങ്ങിയത് തുടങ്ങിയ ചെലവുകൾക്കായി ശ്രീ. രാജേന്ദ്രൻ കെ, ശ്രീ. ഷാജികുമാർ ആർ എന്നിവർക്ക് അനുവദിച്ചത് |
| 24/07.10.2020 | 594626 | ഓഫീസ് ഹാൾ ഫർണിഷിംഗ് പ്രവൃത്തിക്കായി ആർട്കോ യ്ക്ക് അനുവദിച്ചത് |

ഓഫീസ് ഹാൾ ഫർണിഷിംഗ് പ്രവൃത്തിക്കായി ആർട്കോ 1021917/- രൂപയുടെ ഇൻവോയ്സ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 16.09.2020 ൽ ഈ സ്ഥാപനവുമായി കരാറിലേർപ്പെടുകയും, 22.09.2020 ലെ ക്യാഷ്/ക്രെഡിറ്റ് ബില്ലിന്റെ അടിസ്ഥാനത്തിൽ തുക പൂർണ്ണമായി അനുവദിക്കുന്നതിനു പദ്ധതിയിൽ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഭാഗികമായി തുക അനുവദിക്കുകയും ചെയ്തു. പ്രവൃത്തി ആർട്കോ പൂർത്തീകരിച്ച തീയതി വ്യക്തമല്ല. സ.ഉ. (പി) നം. 95/2017/ധന തീയതി 25.07.2017 പ്രകാരം അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്യിക്കേണ്ടതുണ്ടെങ്കിലും, അപ്രകാരം ചെയ്യാതെയാണ് തുക അനുവദിച്ചത്.

ബി) പ്രോ. നം. 29/21 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരം- ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം+ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 500000/- + 1500000/- (ആകെ 20,00,000/-)

തൻവർഷ ചെലവ് - 99958/- + 1464566/- (ആകെ 15,64,524/-)

നിർവഹണാധികാരി- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പദ്ധതിതുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | ബിൽ നം./തീയതി | ബിൽ തുക | കുറിപ്പ് |
|---|---|---|---|
| 1 | 17/15.09.2020 | 539936 | ബ്ലോക്ക് പഞ്ചായത്തിൽ റെക്കോർഡ് റൂം സജ്ജീകരിച്ചതിലേക്കായി ആർട്കോയ്ക്ക് അനുവദിച്ചത് |
| 2 | 25/07.10.2020 | 427291 | എ) യിലെ പദ്ധതി പ്രകാരം ആർട്കോയ്ക്ക് അനുവദിക്കാനുണ്ടാ യിരുന്ന കുടിശ്ശിക തുക അനുവദിച്ചത് |
| 3 | 26/07.10.2020 | 161745 | ബ്ലോക്ക് പഞ്ചായത്തു കാര്യാലയത്തിലെ ഫ്ലോറിൽ കയർ മാറ്റ് ഇട്ടതിനുള്ള ചെലവ് |
| 4 | 27/16.11.2020 | 23600 | കാര്യാലയ ബോർഡുകൾ സ്ഥാപിച്ചതിനുള്ള ചെലവ് |
| 5 | 28/16.11.2020 | 19442 | കമ്പ്യൂട്ടർ ഉപകരണങ്ങൾ ഷിഫ്റ്റ് ചെയ്ത് നെറ്റ് വർക്കിംഗ് ചെയ്തതിനുള്ള ചെലവ് |
| 6 | 29/17.11.2020 | 16500 | ഫയലുകൾ ബയന്റ് ചെയ്തതിനുള്ള ചെലവ് |
| 7 | 36/19.01.2021 | 51670 | യു.പി.എസ്. ബാറ്ററി, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ചെലവുകൾ |
| 8 | 52/23.03.2021 | 68000 | 55" എൽ.ഇ.ഡി. ടിവി വാങ്ങുന്നതിലേക്കായി ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ്ന നൽകിയത്. |
| 9 | 53/23.03.2021 | 56448 | 50" എൽ.ഇ.ഡി. ടിവി വാങ്ങുന്നതിലേക്കായി ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് |

| | | | |
|---|---|---|---|
| | | | ന നൽകിയത്. |
| 10 | 53/30.03.2021 | 99934 | ഓഫീസ് ബിൽഡിംഗിൽ സിസിടിവി സ്ഥാപിക്കുന്നതിന ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് ന നൽകിയത്. |
| 11 | 56/31.03.2021 | 99958 | ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ റീവയറിംഗ് ചെയ്യതിനുള്ള ചെലവ്. |

ചെലവുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

ക്രമ നം. 1, 2 സ.ഉ. (പി) നം. 95/2017/ധന തീയതി 25.07.2017 പ്രകാരം അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്യിക്കേണ്ടതുണ്ടെങ്കിലും, അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയാണ് തുക അനുവദിച്ചത്.

ക്രമ നം (3) ബ്ലോക്ക് പഞ്ചായത്തിന പുതിയ കെട്ടിടം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടുപയോഗിച്ച് 1.02 കോടി രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കുകയും 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 318.49ച.മീ. വിസ്തീർണ്ണത്തിൽ 5.39ലക്ഷം രൂപ ചെലവിൽ വിട്രിഫൈഡ് ഫ്ലോർ ടൈലിംഗ് പ്രവർത്തികളും നിർവഹിച്ചിട്ടുണ്ട്. (ടൈലിംഗ് എസ്റ്റിമേറ്റ് നിരക്ക് ച.മീ. ന് 1996.86രൂപ) . ഇപ്രകാരം ടൈൽ ചെയ്ത പ്രതലത്തിൽ പശതേച്ച് പിടിപ്പിച്ച് കയർ മാറ്റുകൾ വിരിക്കുവാനുണ്ടായ കാരണം വ്യക്തമല്ല.

ക്രമ നം. (8), (9) ബ്ലോക്ക് പഞ്ചായത്തിന് 1,24,448/- രൂപ ചെലവിൽ രണ്ടു എൽ.ഇ.ഡി. റ്റി.വി.കൾ വാങ്ങിയിട്ടുണ്ട്. ഒരു ലക്ഷം രൂപയിലുമധികമുള്ള വാങ്ങൽ ടെണ്ടർ നടപടികൾ ഒഴിവാക്കി ക്വട്ടേഷനിലൂടെ ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങി.

ക്രമ നം. (10) ബ്ലോക്ക് പഞ്ചായത്തിൽ സിസിടിവി സ്ഥാപിക്കുന്നതിലേക്കായി ഒരു ലക്ഷം രൂപ അടങ്കലിൽ ഇലക്ട്രിക്കൽ വിഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ അടങ്കൽ ഉള്ള പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് എന്ന സ്ഥാപനം മുഖേനയാണ് പ്രവൃത്തി നിർവഹിച്ചത്. ഈ സ്ഥാപനത്തിന് ഇലക്ട്രിക്കൽ ലൈസൻസ്, കോൺട്രാക്ടർ ലൈസൻസ് എന്നിവ ഇല്ല. ഒരു സ്വകാര്യ സ്ഥാപനത്തെ കൊണ്ട് പ്രവൃത്തി നിർവഹിച്ച ശേഷം ഇലക്ട്രിക്കൽ വിഭാഗത്തിനുള്ള ബിൽ പ്രിപ്പറേഷൻ, സൂപ്പർവിഷൻ ഉൾപ്പെടെയുള്ള തുക അനുവദിച്ചിരിക്കുന്നു. പ്രവൃത്തിയുടെ ബിൽ പ്രിപ്പറേഷൻ, സൂപ്പർവിഷൻ എന്നിവയ്ക്കായി 3446/-രൂപ (2584+862) അനുവദിച്ചിട്ടുണ്ട്.

ക്രമ നം. (11) ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ റീവയറിംഗ് ചെയ്യുന്നതിലേക്കായി ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും, എസ്റ്റിമേറ്റ് നിരക്കിൽ ക്വട്ടേഷൻ സ്വീകരിച്ച് നടപ്പാക്കി. ക്രമ നം. (10), (11) പ്രവൃത്തികൾക്ക് ഇലക്ട്രിക്കൽ വിഭാഗത്തെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ഇവ സംയുക്തമായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർവഹിക്കാമായിരുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ടെണ്ടർ ഫാറവിലയിനത്തിലും ബ്ലോക്ക് പഞ്ചായത്തിന വരവ് ലഭിച്ചില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/12.04.2022) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 3,10 പ്രകാരം ക്രമവിരുദ്ധമായി ചെലവു ചെയ്ത 1,65,191/- (161745+3446) രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രോ. നം. 105/21, 29/21 പദ്ധതികളിലൂടെ ആർട്കോയ്ക്ക് തുക അനുവദിച്ച പ്രവൃത്തിയുടെ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്യതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതും, പദ്ധതി നിർവഹണത്തിലെ മറ്റു അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-31 പൊഴിക്കര പാർക്കിൽ സോളാർ ലാമ്പുകൾ സ്ഥാപിക്കൽ - 2,29,775/-രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. 23/21 പൊഴിക്കര പാർക്കിൽ സോളാർ ലാമ്പുകൾ (സ്പിൽ ഓവർ 126/20)

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം

അടങ്കൽ തുക - 2,30,000/-

ചെലവ് തുക - 1,29,775/- (തൻ വർഷം)

1,00,000/- (2019-20 വർഷം)

ബിൽ നം. - 6/24.04.20 - 1,29,775/-

നിർവഹണാധികാരി- സെക്രട്ടറി

പൊഴിക്കര പാർക്കിൽ 2,29,775/- രൂപ ചെലവിൽ 7 20 WATT സോളാർ എൽ ഇ ഡി ലൈറ്റുകൾ സോളാർ ലാമ്പുകൾ സ്ഥാപിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് 04.11.2019 ൽ കെൽട്രോണിന് സപ്ലൈ ഓർഡർ നൽകി. ബ്ലോക്ക്

പഞ്ചായത്ത് സെക്രട്ടറി കെൽട്രോണുമായുണ്ടാക്കിയ 5.12.2019 ലെ എഗ്രിമെന്റ് നം 1/2019 പ്രകാരം ഉപകരണങ്ങൾക്ക് 2 വർഷ വാറന്റിയും നിഷ്കർഷിച്ചിരുന്നു. തുടർന്ന് 1ലക്ഷം രൂപ 2019-20 സാമ്പത്തിക വർഷത്തിൽ മുൻകൂറായി കെൽട്രോണിന് കൈമാറി. പൊഴിക്കര പാർക്കിൽ 7 സോളാർ ലാമ്പുകൾ ഇൻസ്റ്റാൾ ചെയ്തതായും ആയത് തൃപ്തികരമായി പ്രവർത്തിക്കുന്നതായും 04.02.2020 ൽ കെൽട്രോൺ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 1,29,775/- രൂപ തൻവർഷം അനുവദിക്കുകയും ചെയ്തു. കെൽട്രോൺ സോളാർ ലാമ്പ് സ്ഥാപിക്കൽ പ്രവൃത്തി തൃപ്തികരമായി നിർവഹിച്ചിട്ടുള്ളതായി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

12.04.2021 ൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 3 പോളുകളിൽ മാത്രം ലൈറ്റുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതായും ബാക്കി 4 എണ്ണത്തിൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ലാത്തതായും കാണുകയുണ്ടായി. ഇൻസ്റ്റാൾ ചെയ്ത ലൈറ്റുകളും പ്രവർത്തനരഹിതമായാണ് കാണപ്പെട്ടത്. മാത്രവുമല്ല കടൽകരയിൽ ഇരുമ്പ് തൂണുകൾ സ്ഥാപിച്ചിരിക്കുന്നതിനാൽ ദ്രവിച്ച് പോകുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്.

സ്ഥാപിച്ചിട്ടില്ലാത്ത ലൈറ്റുകൾക്ക് തുക അനുവദിച്ചതും, പ്രവർത്തനരഹിതമായ ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാത്തതും അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/13.04.2022) മറുപടി നൽകിയില്ല. ഉപകരണങ്ങൾ പൂർണ്ണമായി സ്ഥാപിച്ചിട്ടില്ലാത്തതിനാലും, സ്ഥാപിച്ച ഉപകരണങ്ങൾ പ്രവർത്തന ക്ഷമമല്ലാത്തതിനാലും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാലും, പദ്ധതി പ്രകാരം ചെലവ് ചെയ്ത തുക 2,29,775/-രൂപ തടസ്സം ചെയ്യുന്നു.

## 1-32 വായ്പകൾ കുടിശ്ശികയായി നിലനിർത്തിയിരിക്കുന്നു.

വാർഷിക കണക്കുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനു രണ്ട് വായ്പകൾ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിക്കായും, ഐ.എ.വൈ. ഭവനപദ്ധതിക്കായും ബ്ലോക്ക് പഞ്ചായത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ സംബന്ധിച്ച വിശദാംശം ചുവടെ.

എ) ഇ.എം.എസ്. ഭവന പദ്ധതി വായ്പ

ജില്ലാ സഹകരണ ബാങ്ക് പാറശ്ശാല ബ്രാഞ്ചിൽ നിന്നും 12.08.2010 ൽ വായ്പ അക്കൗണ്ട് നം. 020176014800003 ആരംഭിക്കുകയും, 5 ഗഡുക്കളായി ആകെ 2,05,18,315/- രൂപയുടെ വായ്പ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വായ്പതുക 25.04.2011 മുതൽ 10 ഗഡുക്കളായി ആകെ 2,37,90,000/- (2379000*10) രൂപ പദ്ധതി ഫണ്ടിൽ നിന്നും തിരികെ ഒടുക്കിയിട്ടുണ്ട്. വായ്പാ/ വായ്പാ തിരിച്ചടവ് വിശദാംശം ചുവടെ.

| വായ്പയെടുത്ത തീയതി | വായ്പാ തുക |
|---|---|
| 12.08.2010 | 5028911 |
| 14.09.2010 | 2847000 |
| 27.12.2010 | 6680967 |
| 21.03.2011 | 3602937 |
| 27.03.2012 | 2358500 |
| ആകെ | 20518315 |

വായ്പാ തിരിച്ചടവ് വിശദാംശം

| തീയതി | തിരിച്ചടച്ച തുക | |
|---|---|---|
| | മുതൽ | പലിശ |
| 25.04.2011 | 2379000 | |

| | | |
|---|---|---|
| 08.02.2012 | 2379000 | |
| 20.03.2013 | 2379000 | |
| 19.12.2013 | 2379000 | |
| 18.07.2014 | | 381441 |
| 10.10.2014 | 2379000 | |
| 31.12.2015 | 2379000 | |
| 02.12.2016 | 2379000 | |
| 06.07.2017 | 2379000 | |
| 28.03.2018 | | 966329 |
| 31.05.2018 | 2379000 | |
| 08.06.2018 | 2379000 | |
| 03.09.2019 | | 760920 |
| ആകെ | 23790000 | 2108690 |

31.05.2018 ൽ വായ്പയുടെ മുതൽ തുക പൂർണ്ണമായും ഒടുക്കി കഴിഞ്ഞു. ആകെ 2,05,18,315/- രൂപയാണ് വായ്പ എടുത്തിരുന്നതെങ്കിലും മുതൽ ഇനത്തിൽ ആകെ 2,37,90,000/- രൂപ പദ്ധതി തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. പലിശയിനത്തിൽ ആകെ 21,08,690/- രൂപ ബ്ലോക്ക് പഞ്ചായത്തിന് വകുപ്പിൽ നിന്നും ലഭ്യമായ ഫണ്ട് ഉപയോഗിച്ചും തിരിച്ചടവ് നടത്തിയിട്ടുണ്ട്.

ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 12.04.2019 തീയതിയിലെ നം.എ5/574/19/പി.എ.യു. കത്തിലൂടെ ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ. മാരുടെ ഇ.എം.എസ്. ഭവനപദ്ധതി അക്കൗണ്ടുകളിൽ നീക്കിയിരുപ്പുള്ള തുക ഗ്രാമപഞ്ചായത്തുകളുടെ ഇ.എം.എസ്. വായ്പ തിരിച്ചടവിലേക്കു ഉപയോഗിക്കുവാനും, വായ്പ ക്ലോസ് ചെയ്ത ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ. മാരുടെ അക്കൗണ്ടിലെ തുക ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ വായ്പാ തുക തിരികെ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലെ വി.ഇ.ഒ. മാരുടെ ഇ.എം. എസ് ഭവനപദ്ധതി അക്കൌണ്ടിലെ നീക്കിയിരുപ്പ് വിശദാംശങ്ങൾ ബന്ധപ്പെട്ട വി.ഇ.ഒ. മാരിൽ നിന്നും ലഭ്യമാക്കേണ്ടതും, പ്രസ്തുത നീക്കിയിരുപ്പ് തുക ഉപയോഗിച്ച് വായ്പ തുക ഒടുക്കേണ്ടതുമാണ്.

അപ്രകാരം വായ്പ ക്ലോസ് ചെയ്യുവാൻ സാധിക്കാത്ത പക്ഷം വായ്പ ക്ലോസ് ചെയ്യുന്നതിലേക്ക് വകുപ്പു തല നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വായ്പ മുതൽ പൂർണ്ണമായി ഒടുക്കി കഴിഞ്ഞതിനാൽ ബാങ്കുമായി ബന്ധപ്പെട്ട് പിഴപലിശയിൽ നിന്നും ഇളവു നേടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രോ. നം. 28/22 പ്രകാരം 12,29,217/- രൂപ വായ്പയിനത്തിൽ തൻവർഷം ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക നീക്കിയിരുപ്പിൽ കുറവു ചെയ്തു കാണുന്നില്ല. വായ്പകളുടെ വിശദാംശം, രജിസ്റ്റർ, ലോൺ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കേണ്ടതാണ്.

ബി) ഐ.എ.വൈ ഭവനപദ്ധതി വായ്പ

ഐ.എ.വൈ ഭവനപദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് 5 സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചിട്ടുണ്ട്. വായ്പാ/വായ്പാ തിരിച്ചടവ് വിശദാംശങ്ങൾ ചുവടെ.

| വായ്പ നൽകിയ സ്ഥാപനം | വായ്പാ തീയതി | പലിശ നിരക്ക് | വായ്പാ തുക | തിരിച്ചടച്ച വായ്പ | | കുടിശ്ശിക (31.03.20ൽ) | |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | മുതൽ | പലിശ |
| പരശുവയ്ക്കൽ സർവീസ് സഹകരണ ബാങ്ക് | 13.08.2013 | 11.5% | 1000000 | - | 281000 | 1000000 | 838205 |
| ചെറുവാരക്കോണം സർവീസ് സഹകരണ ബാങ്ക് | 03.08.2013 | 11.25% | 1000000 | - | 281000 | 1000000 | 468589 |
| ചെങ്കൽ സർവീസ് സഹകരണ ബാങ്ക് | 20.08.2013 | 11.25% | 1450000 | - | 1024608 | 1450000 | 358339 |
| ആറയൂർ സർവീസ് സഹകരണ ബാങ്ക് | 04.10.2013 | 11.25% | 1500000 | - | 1033609 | 1500000 | 258576 |
| പാറശ്ശാല സർവീസ് സഹകരണ ബാങ്ക് | 27.08.2013 | 11.25% | 1000000 | - | 281000 | 1000000 | 564555 |
| ആകെ | | | 5950000 | - | 2901217 | 5950000 | 2488264 |

ഐ.എ.വൈ. ഭവനപദ്ധതിക്കായി 2013 സാമ്പത്തിക വർഷത്തിൽ മേൽ പ്രകാരം എടുത്ത വായ്പയുടെ മൂതലിലേക്ക് ഇതുവരെയും ബ്ലോക്ക് പഞ്ചായത്ത് തിരിച്ചടവ് വരുത്തിയില്ല. 31.03.20 ൽ മുതലിനത്തിൽ 59,50,000/- രൂപയും പലിശയിനത്തിൽ 24,88,264/- രൂപയും കുടിശ്ശികയായതിൽ 2020-21 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ ചെങ്കൽ സർവീസ് സഹകരണ ബാങ്ക്, ആറയൂർ സർവീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് യഥാക്രമം 6,14,608/-, 6,14,609/- രൂപ പ്രോജക്ട് നം. 28/21 പ്രകാരം അനുവദിച്ചു.

ഐ.എ.വൈ ഭവനപദ്ധതി വായ്പ അക്കൗണ്ടുകളിലെ കുടിശ്ശിക ഒടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും, സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ഒറ്റതവണ തീർപ്പാക്കൽ/മറ്റു പലിശ ഇളവ് ലഭിക്കുന്ന സ്കീമുകൾ പ്രകാരമുള്ള രീതിയിൽ വായ്പ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് ഗ്രൂപ്പ് സംരംഭങ്ങൾക്ക് പദ്ധതി തുക കൈമാറി - 400000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പ്രോജക്ട് നം. 9/21 പരമ്പരാഗത തൊഴിൽ ഗ്രൂപ്പ് സംരംഭം (വനിത)

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം

അടങ്കൽ തുക - 4,00,000/-

ചെലവ് തുക - 4,00,000/-

ബിൽനം. - 7/24.04.2020

നിർവഹണാധികാരി- സെക്രട്ടറി

സ.ഉ.(കൈ) നം.22/18/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 06.04.21.1.12 പ്രകാരം സംരംഭകർക്ക് സബ്സിഡി നൽകാവുന്നതല്ല. ഉത്തരവിലെ ഖണ്ഡിക 06.04.21.2 ലെ വ്യവസ്ഥകൾ പാലിച്ച് റിവോൾവിംഗ് ഫണ്ടോ, ഖണ്ഡിക 06.04.21.3 ലെ വ്യവസ്ഥകൾ പാലിച്ച്, സംരംഭകർ സ്വീകരിച്ചിട്ടുള്ള വായ്പയ്ക്ക് ഒടുക്കുന്ന പലിശയ്ക്ക് സബ്സിഡിയോ മാത്രമാണ് അനുവദനീയം. ബാങ്ക് വായ്പ പോലും എടുത്തിട്ടില്ലാത്ത സംരംഭകർക്ക് സബ്സിഡി ഇനത്തിൽ 100000/- രൂപവീതം 4 ഗ്രൂപ്പുകൾക്ക് അനുവദിച്ചത് ക്രമവിരുദ്ധമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ ചുവടെ.

എ) മേൽ പദ്ധതി 2018-19 ൽ ആരംഭിച്ച്, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സ്പിൽ ഓവർ അനുമതി നേടി നിർവഹിച്ചിരിക്കുന്നു. ഒരു പദ്ധതിക്ക് തൊട്ടടുത്ത വർഷത്തേക്ക് മാത്രമാണ് സ്പിൽ ഓവർ അംഗീകാരം നേടി നിർവഹിക്കാവുന്നത്. പദ്ധതി 3 വർഷം തുടർന്നതിനുള്ള കാരണം വ്യക്തമല്ല.

ബി) പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ.

| ക്രമ നം. | സെൽഫ് ഹെൽപ്പ് ഗ്രൂപ്പിന്റെ പേര്, അംഗങ്ങളുടെ എണ്ണം | ഗ്രൂപ്പ് സ്ഥിതി ചെയ്യുന്ന തദ്ദേശ സ്ഥാപനം, വാർഡ് | സബ്സിഡി അനുവദിച്ച സഹകരണബാങ്കിന്റെ പേര് | നിർവഹണാധികാരിയുമായി ചമച്ചിട്ടുള്ള കരാർ തീയതി | പദ്ധതി തുക മാറി നൽകിയിട്ടുള്ള അക്കൗണ്ടിന്റെ നം, അക്കൗണ്ട് ഓപ്പൺ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | സൗപർണ്ണിക ജെ.എൽ.ജി, 5 അംഗം | കാരോട് ഗ്രാ പ അമ്പിലിക്കോണം വാർഡ് | പൊൻവിള സർവീസ് സഹകരണ ബാങ്ക് | 26.02.2019 | എസ്.ബി. അക്കൗണ്ട് നം. 828 16.02.2019 |
| 2 | മഹിമ ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 94 02.03.2019 |
| 3 | കൃപ ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 93 02.03.2019 |
| 4 | കീർത്തി ജെ.എൽ.ജി, 5 അംഗം | കുളത്തൂർ ഗ്രാ. പ. പൂഴിക്കുന്ന് വാർഡ് | കുളത്തൂർ സർവീസ് സഹകരണ ബാങ്ക് | 11.03.2019 | ജി.എസ്.ബി. അക്കൗണ്ട് നം. 95 02.03.2019 |

സൗപർണ്ണിക ജെ.എൽ.ജി. ഏർപ്പെട്ടിട്ടുള്ള പ്രവർത്തന മേഖല ഏതാണെന്നതിനുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. മറ്റു മൂന്നു ജെ.എൽ.ജി. കളും ഒരേ ഗ്രാമപഞ്ചായത്തിലെ ഒരേ വാർഡിൽ പ്രവർത്തിക്കുന്നതും, പനയോല കൊണ്ടുള്ള പായ , പെട്ടി തുടങ്ങിയവ നിർമ്മിക്കുന്നവയുമാണ്. മേൽ ജെ.എൽ.ജി കൾ വായ്പ എടുത്തതിനും, വായ്പ തിരിച്ചടവ് നടത്തിയതിനുമുള്ള രേഖകൾ ലഭ്യമല്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/07.04.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി പദ്ധതി പ്രകാരം ചെലവു ചെയ്ത തുക 400000/- രൂപ നിരാകരിക്കുന്നു. മേൽ പ്രകാരം അനുവദിച്ചിട്ടുള്ള 400000/- രൂപ ബന്ധപ്പെട്ട ജെ.എൽ.ജി. കളിൽ നിന്നും രണ്ടു മാസത്തിനുള്ളിൽ ഈടാക്കി ട്രഷറിയിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനെ നഷ്ടോത്തരവാദിയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-2 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് സൗകര്യമൊരുക്കൽ - 1,65,191/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരത്തിന് ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ തുടങ്ങിയവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു.

എ) പ്രോ.നം. 105/21 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരം- ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ (സ്പിൽ ഓവർ 123/20)

ഫണ്ടിനം - വികസന ഫണ്ട് പൊതുവിഭാഗം

അടങ്കൽ തുക - 8,00,000/-

തൻവർഷ ചെലവ് - 6,64,640/-

നിർവഹണാധികാരി- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

8ലക്ഷം രൂപ അടങ്കൽ വകയിരുത്തിയിരുന്ന ടി പദ്ധതിയിൽ നിന്നും 1,35,360/-രൂപ 2019-20 സാമ്പത്തിക വർഷത്തിൽ ചെലവു ചെയ്തിരുന്നു. തൻവർഷം ടി പദ്ധതിയിൽ നിന്നും നടത്തിയ ചെലവിന്റെ വിശദാംശം ചുവടെ.

| ബിൽ നം./തീയതി | ബിൽ തുക | കുറിപ്പ് |
|---|---|---|
| 18/15.09.2020 | 70014 | വിവിധ ബോർഡുകൾ സ്ഥാപിച്ചത്, ടവലുകൾ വാങ്ങിയത് തുടങ്ങിയ ചെലവുകൾക്കായി ശ്രീ. രാജേന്ദ്രൻ കെ, ശ്രീ. ഷാജികുമാർ ആർ എന്നിവർക്ക് അനുവദിച്ചത് |
| 24/07.10.2020 | 594626 | ഓഫീസ് ഹാൾ ഫർണിഷിംഗ് പ്രവൃത്തിക്കായി ആർട്കോ യ്ക്ക് അനുവദിച്ചത് |

ഓഫീസ് ഹാൾ ഫർണിഷിംഗ് പ്രവൃത്തിക്കായി ആർട്കോ 1021917/- രൂപയുടെ ഇൻവോയ്സ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ 16.09.2020 ൽ ഈ സ്ഥാപനവുമായി കരാറിലേർപ്പെടുകയും, 22.09.2020 ലെ ക്യാഷ്/ക്രെഡിറ്റ് ബില്ലിന്റെ അടിസ്ഥാനത്തിൽ തുക പൂർണ്ണമായി അനുവദിക്കുന്നതിനു പദ്ധതിയിൽ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ ഭാഗികമായി തുക അനുവദിക്കുകയും ചെയ്തു. പ്രവൃത്തി ആർട്കോ പൂർത്തീകരിച്ച തീയതി വ്യക്തമല്ല. സ.ഉ. (പി) നം. 95/2017/ധന തീയതി 25.07.2017 പ്രകാരം അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്യിക്കേണ്ടതുണ്ടെങ്കിലും, അപ്രകാരം ചെയ്യാതെയാണ് തുക അനുവദിച്ചത്.

ബി) പ്രോ. നം. 29/21 പുതിയ ബ്ലോക്ക് പഞ്ചായത്ത് മന്ദിരം- ഫർണിച്ചർ, അനുബന്ധ സൗകര്യമൊരുക്കൽ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

ഫണ്ടിനം - വികസന ഫണ്ട് പൊതു വിഭാഗം+ധനകാര്യ കമ്മിഷൻ അവാർഡ്

അടങ്കൽ തുക - 500000/- + 1500000/- (ആകെ 20,00,000/-)

തൻവർഷ ചെലവ് - 99958/- + 1464566/- (ആകെ 15,64,524/-)

നിർവഹണാധികാരി- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

പദ്ധതിതുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ.

| ക്രമ നം | ബിൽ നം./തീയതി | ബിൽ തുക | കുറിപ്പ് |
|---|---|---|---|
| 1 | 17/15.09.2020 | 539936 | ബ്ലോക്ക് പഞ്ചായത്തിൽ റെക്കോർഡ് റൂം സജ്ജീകരിച്ചതിലേക്കായി ആർട്കോയ്ക്ക് അനുവദിച്ചത് |
| 2 | 25/07.10.2020 | 427291 | എ) യിലെ പദ്ധതി പ്രകാരം ആർട്കോയ്ക്ക് അനുവദിക്കാനുണ്ടാ യിരുന്ന കുടിശ്ശിക തുക അനുവദിച്ചത് |
| 3 | 26/07.10.2020 | 161745 | ബ്ലോക്ക് പഞ്ചായത്തു കാര്യാലയത്തിലെ ഫ്ലോറിൽ കയർ മാറ്റ് ഇട്ടതിനുള്ള ചെലവ് |
| 4 | 27/16.11.2020 | 23600 | കാര്യാലയ ബോർഡുകൾ സ്ഥാപിച്ചതിനുള്ള ചെലവ് |
| 5 | 28/16.11.2020 | 19442 | കമ്പ്യൂട്ടർ ഉപകരണങ്ങൾ ഷിഫ്റ്റ് ചെയ്ത് നെറ്റ് വർക്കിംഗ് ചെയ്തതിനുള്ള ചെലവ് |
| 6 | 29/17.11.2020 | 16500 | ഫയലുകൾ ബയന്റ് ചെയ്തതിനുള്ള ചെലവ് |
| 7 | 36/19.01.2021 | 51670 | യു.പി.എസ്. ബാറ്ററി, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ചെലവുകൾ |
| 8 | 52/23.03.2021 | 68000 | 55" എൽ.ഇ.ഡി. ടിവി വാങ്ങുന്നതിലേക്കായി ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് ന നൽകിയത്. |
| 9 | 53/23.03.2021 | 56448 | 50" എൽ.ഇ.ഡി. ടിവി വാങ്ങുന്നതിലേക്കായി ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് ന നൽകിയത്. |
| 10 | 53/30.03.2021 | 99934 | ഓഫീസ് ബിൽഡിംഗിൽ സിസിടിവി സ്ഥാപിക്കുന്നതിനു ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് ന നൽകിയത്. |
| 11 | 56/31.03.2021 | 99958 | ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ റീവയറിംഗ് ചെയ്തതിനുള്ള ചെലവ്. |

ചെലവുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

ക്രമ നം. 1, 2 സ.ഉ. (പി) നം. 95/2017/ധന തീയതി 25.07.2017 പ്രകാരം അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നിർവഹിക്കുന്ന സന്ദർഭങ്ങളിൽ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്യിക്കേണ്ടതുണ്ടെങ്കിലും, അപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയാണ് തുക അനുവദിച്ചത്.

ക്രമ നം (3) ബ്ലോക്ക് പഞ്ചായത്തിനു പുതിയ കെട്ടിടം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടുപയോഗിച്ച് 1.02 കോടി രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കുകയും 2020-21 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 318.49ച.മീ. വിസ്തീർണ്ണത്തിൽ 5.39ലക്ഷം രൂപ ചെലവിൽ വിട്രിഫൈഡ് ഫ്ലോർ ടൈലിംഗ് പ്രവർത്തികളും നിർവഹിച്ചിട്ടുണ്ട്. (ടൈലിംഗ് എസ്റ്റിമേറ്റ് നിരക്ക് ച.മീ. ന് 1996.86രൂപ) . ഇപ്രകാരം ടൈൽ ചെയ്ത പ്രതലത്തിൽ പശതേച്ച് പിടിപ്പിച്ച് കയർ മാറ്റുകൾ വിരിക്കുവാനുണ്ടായ കാരണം വ്യക്തമല്ല.

ക്രമ നം. (8), (9) ബ്ലോക്ക് പഞ്ചായത്തിന് 1,24,448/- രൂപ ചെലവിൽ രണ്ടു എൽ.ഇ.ഡി. റ്റി.വി.കൾ വാങ്ങിയിട്ടുണ്ട്. ഒരു ലക്ഷം രൂപയിലുമധികമുള്ള വാങ്ങൽ ടെണ്ടർ നടപടികൾ ഒഴിവാക്കി ക്വട്ടേഷനിലൂടെ ഒരു സ്ഥാപനത്തിൽ നിന്നും വാങ്ങി.

ക്രമ നം. (10) ബ്ലോക്ക് പഞ്ചായത്തിൽ സിസിടിവി സ്ഥാപിക്കുന്നതിലേക്കായി ഒരു ലക്ഷം രൂപ അടങ്കലിൽ ഇലക്ട്രിക്കൽ

വിഭാഗത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഒരു ലക്ഷം രൂപ അടങ്കൽ ഉള്ള പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ക്വട്ടേഷൻ ക്ഷണിച്ച് ഫസ്റ്റ് അഡ്വാൻസ് സൊല്യൂഷൻസ് എന്ന സ്ഥാപനം മുഖേനയാണ് പ്രവൃത്തി നിർവഹിച്ചത്. ഈ സ്ഥാപനത്തിന് ഇലക്ട്രിക്കൽ ലൈസൻസ്, കോൺട്രാക്ടർ ലൈസൻസ് എന്നിവ ഇല്ല. ഒരു സ്വകാര്യ സ്ഥാപനത്തെ കൊണ്ട് പ്രവൃത്തി നിർവഹിച്ച ശേഷം ഇലക്ട്രിക്കൽ വിഭാഗത്തിനുള്ള ബിൽ പ്രിപ്പറേഷൻ, സൂപ്പർവിഷൻ ഉൾപ്പെടെയുള്ള തുക അനുവദിച്ചിരിക്കുന്നു. പ്രവൃത്തിയുടെ ബിൽ പ്രിപ്പറേഷൻ, സൂപ്പർവിഷൻ എന്നിവയ്ക്കായി 3446/-രൂപ (2584+862) അനുവദിച്ചിട്ടുണ്ട്.

ക്രമ നം. (11) ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഹാൾ റീവയറിംഗ് ചെയ്യുന്നതിലേക്കായി ഒരു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും, എസ്റ്റിമേറ്റ് നിരക്കിൽ ക്വട്ടേഷൻ സ്വീകരിച്ച് നടപ്പാക്കി. ക്രമ നം. (10), (11) പ്രവൃത്തികൾക്ക് ഇലക്ട്രിക്കൽ വിഭാഗത്തെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ഇവ സംയുക്തമായി ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർവഹിക്കാമായിരുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിനാൽ ടെണ്ടർ ഫാറവിലയിനത്തിലും ബ്ലോക്ക് പഞ്ചായത്തിനു വരവ് ലഭിച്ചില്ല.

അപാകതകൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/12.04.2022) മറുപടി ലഭ്യമാക്കിയില്ല. ക്രമ നം. 3,10 പ്രകാരം ക്രമവിരുദ്ധമായി ചെലവു ചെയ്ത 1,65,191/- (161745+3446) രൂപയുടെ ചെലവ് നിരാകരിക്കുന്നു. പ്രോ. നം. 105/21, 29/21 പദ്ധതികളിലൂടെ ആർട്ക്കോയ്ക്ക് തുക അനുവദിച്ച പ്രവൃത്തിയുടെ അളവുകൾ സാങ്കേതിക വിഭാഗത്തെകൊണ്ട് ചെക്ക്മെഷർ ചെയ്തതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതും, പദ്ധതി നിർവഹണത്തിലെ മറ്റു അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-3 ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം - സ്ഥാപിക്കാത്ത കളിയുപകരണത്തിന് ചെലവഴിച്ച 35400/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേരും നമ്പരും | ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മാണം (75/21) |
| അടങ്കൽ തുക | 5,00,000/- |
| ചെലവ് തുക | 499909/- |
| ഫണ്ട് | CFC Grant |
| ബിൽ നം തീയതി | 63/11.1.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| സാങ്കേതികാനുമതി | 25339/20-21 |

മേൽ പദ്ധതി പ്രകാരം ആലത്തോട്ടം ജി എൽ പി സ്കൂളിൽ പാർക്ക് നിർമ്മിക്കുന്നതിന്റെ ഒന്നാം ഭാഗമായി ചുറ്റമതിൽ പണിത് മണൽ നിറയ്ക്കുന്നതിനും രണ്ടാം ഭാഗമായി പാർക്കിൽ കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കി. അസി. എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നിർവ്വഹിച്ച പദ്ധതിയിൽ FIBRO PLAY MATE എന്ന സ്ഥാപനത്തിൽന നിന്നും 10 കളിയുപകരണങ്ങൾ 320960/- രൂപയ്ക്ക് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വാങ്ങിയിരിക്കുന്നു.

| ക്രമ നം | കളിയുപകരണം | എണ്ണം | വില |
|---|---|---|---|

| | | | |
|---|---|---|---|
| 1 | സ്ലൈഡ് 7Ft | 1 | 47200 |
| 2 | ഡക്ക് മെറി ഗോ റൌണ്ട് | 1 | 50150 |
| 3 | ഇക്കോണമി മെറി ഗോ റൌണ്ട് | 1 | 35400 |
| 4 | സീ സോ | 1 | 27730 |
| 5 | ഇക്കോണമി സീ സോ | 1 | 23600 |
| 6 | ഡക്ക് റൈഡർ | 1 | 27140 |
| 7 | ഹോഴ്സ് റൈഡർ | 1 | 23600 |
| 8 | സ്റ്റൻഡേർഡ് സ്വിങ് | 1 | 35400 |
| 9 | ഗാർഡൻ ബഞ്ച് | 1 | 33040 |
| 10 | ഡസ്റ്റ് ബിൻ റാബിറ്റ് | 1 | 17700 |
| | | | 320960 |

പദ്ധതിയുടെ നേരിട്ടുള്ള പരിശോധന വേളയിൽ മേൽ ബിൽ പ്രകാരം വാങ്ങിയ Economy Economy Merry Go Round, Garden Bench, Dustbin Rabbit എന്നീ ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിച്ചിട്ടില്ലാത്തതായി കണ്ടു. ഇതു സംബന്ധിച്ച അന്വേഷണത്തിന് ശേഷം Garden Bench, Dustbin Rabbit എന്നിവ സ്കൂളിൽ എത്തിക്കുന്ന സാഹചര്യമാണുണ്ടായത്. ഇതു സംബന്ധിച്ച സ്ഥല പരിശോധനാ റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. പരിശോധന വേളയിൽ പ്രസ്തുത ഉപകരണങ്ങൾ സ്കൂളിൽ കാണാതിരുന്നതിനും ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ Garden Bench, Dustbin Rabbit എന്നിവ എത്തിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 24/12.04.2022 ന് സ്കൂളിനകത്ത് Garden Bench, Dustbin Rabbit എന്നിവ സൂക്ഷിച്ചിരുന്നതായും Economy Merry Go Round എന്ന ഉപകരണം സ്ഥാപിച്ചിട്ടുള്ളതായും മറുപടി നൽകി. എന്നാൽ പാർക്കിൽ സ്ഥാപിക്കേണ്ട കോൺക്രീറ്റ് Garden Bench, Dustbin Rabbit എന്നിവ സ്കൂളിനകത്ത് സൂക്ഷിച്ചിരുന്നു എന്ന മറുപടി വസ്തുതാ വിരുദ്ധമായതിനാൽ സ്വീകാര്യമല്ലാത്തതാണ്. ഓഡിറ്റ് പരിശോധനാവേളയിൽ കാണാൻ കഴിയാതിരുന്ന ഉപകരണങ്ങൾ ഓഡിറ്റ് അന്വേഷണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തിരികെ എത്തിക്കുകയാണുണ്ടായത്. Economy Merry Go Round സ്ഥാപിച്ചിട്ടുണ്ട് എന്ന മറുപടിയും സ്വീകാര്യമല്ല. സ്കൂൾ പരിസരത്തിൽ കാണപ്പെട്ട Economy Merry Go Round എന്ന ഉപകരണം വർഷങ്ങൾക്ക് മുൻപ് സ്ഥാപിച്ചതിനാൽ തുരുമ്പ് പിടിച്ച് പൊട്ടിപ്പോയതും കുട്ടികൾക്ക് പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത വിധം മണ്ണ് മൂടി ഉപയോഗ ശൂന്യമായ രീതിയിലുമാണ് കാണപ്പെട്ടത്. ഈ പദ്ധതി പ്രകാരം വാങ്ങിയ മറ്റെല്ലാ ഉപകരണങ്ങളും പാർക്കിനുള്ളിൽ 2020-21 ൽ സ്ഥാപിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ Economy Merry Go Round എന്ന ഉപകരണത്തിന് ചെലവായ 35400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. Garden Bench, Dustbin Rabbit എന്നീ ഉപകരണങ്ങൾ പാർക്കിൽ സ്ഥാപിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക കണക്കുകൾ പ്രകാരം

| | 19-20 B4ഷെഡ്യൂൾ പ്രകാരം മുന്നിരുപ്പ് | 20-21 RP31 പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 19-20 B4ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 1680000 | 2605400 | 4285400 | 0 | 4534355 |

മുന്നിരുപ്പ് (മുൻവർഷ ബി4) + വരവ് (തൻ വർഷ ആർപി 31)- ചെലവ് (സുലേഖ) എന്നത് നീക്കിയിരുപ്പ് (തൻവർഷ ബി4) മായി പൊരുത്തപ്പെടുന്നില്ല. സുലേഖ എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളും വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വ്യത്യാസം പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | 4048228 | 0 | 4048228 | 0 | 4048228 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

വാർഷിക കണക്കുകൾ ബി5 ഷെഡ്യൂൾ പ്രകാരം *

| വായ്പയുടെ പേര് | ഉത്തരവ് നം./തീയതി | തൻവർഷ വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവനപദ്ധതി | സ.ഉ.(എം.എസ്) നം. 115/2013 /തസ്വഭവ തീയതി 22.03.2013 | 0 | 5950000 | 0 | 1229217 | 5950000 |
| ഇ.എം.എസ്. ഭവനപദ്ധതി | | 0 | 1486315 (പലിശ) | 0 | 0 | 1486315 (പലിശ) |

* വായ്പ സംബന്ധിച്ച വിശദാംശങ്ങൾക്ക് ഖണ്ഡിക 1-32 കാണുക

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ട് വിവരം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ നടപടിയുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 10,66,92,815.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,27,97,416.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,00,591.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 89,20,509.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉദ്യോഗസ്ഥന്റെ പേര്,അഡ്രസ്സ് |
|---|---|---|
| 3-1 | 4,00,000/- | ശ്രീ. കെ. രാജേന്ദ്രൻ, സെക്രട്ടറി |
| 3-2 | 1,61,745/-<br>3,446/- | ശ്രീ. കെ. രാജേന്ദ്രൻ, സെക്രട്ടറി<br>ശ്രീ. അജയ് രാജ് എസ്, സെക്രട്ടറി |
| 3-3 | 35,400/- | ശ്രീ. ജ്യോതിസ്, അസി. എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 18,85,492/- | ശ്രീ.രാജേന്ദ്രൻ, സെക്രട്ടറിയും,<br>ഭരണസമിതി അംഗങ്ങളും |
| 1-11 | 8,768/- | ശ്രീ.രാജേന്ദ്രൻ, സെക്രട്ടറി |
| 1-14 | 6,00,000/- | ശ്രീ.രാജേന്ദ്രൻ, സെക്രട്ടറി |
| 1-17 | 78,430/- | ഡോ. ജവഹർ ജെ. എസ്.<br>മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | | സി.എച്ച്.സി. പൂവ്വാർ |
| 1-24 | 77,760/- | ശ്രീമതി.ജയറാണി<br>അസി.ഡയറക്ടർ, കൃഷി. |
| 1-25 | 1,49,052/- | 75420/-<br>ഡോ.ഉണ്ണികൃഷ്ണൻ,<br>മെഡിക്കൽ ആഫീസർ,<br>പാറശ്ശാല സി.എച്ച്.സി.<br>73,632/-<br>ഡോ.ജവഹർ<br>മെഡിക്കൽ ആഫീസർ,<br>പൂവ്വാർ സി.എച്ച്.സി. |
| 1-26 | 3,92,347/- | ഡോ.ജവഹർ<br>മെഡിക്കൽ ആഫീസർ,<br>പൂവ്വാർ സി.എച്ച്.സി |
| 1-27 | 48,00,000/- | ശ്രീ.ബിജുകുമാർ<br>പട്ടിക ജാതി വികസന ആഫീസർ |
| 1-28 | 6,98,885/- | ശ്രീ.രാജേന്ദ്രൻ, സെക്രട്ടറി |
| 1-31 | 2,29,775/- | ശ്രീ.രാജേന്ദ്രൻ, സെക്രട്ടറി |
| ആകെ | 89,20,509/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും , കാലയളവും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 1. ശ്രീ. സാം വിദ്യാ നാഥ്.റ്റി.ആർ.<br>അസി.എക്സി.എൻജിനിയർ<br>(1-1-2019 മുതൽ 7-1-2021 വരെ)<br>2. ശ്രീ. രാജേഷ്,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (7-1-2021) തുടരുന്നു. | വിവരം ലഭ്യമാക്കിയില്ല | 1) ലക്ഷ്മി,എം.എം, ആർ.എ.(A)കോപ്പറേറ്റീവ് ബാങ്കിന് സമീപം, മുക്കോല, നെട്ടയം.പി.ഒ.<br>2) രേവതി ഹൗസ്, കൊടുങ്ങാനൂർ. പി.ഒ. കലശേഖരം – 695013 |
| ശ്രീ.ജ്യോതിഷ്.എസ്.<br>അസി. എഞ്ചിനീയർ | | മേരിലാൻഡ്,റ്റി.സി.8/585, ഓടൻകുഴി റോഡ്, തിരുമല പി.ഓ. |
| ഡോ.ബി.ഉണ്ണികൃഷ്ണൻ,<br>അസി.ഡയറക്ടർ & സൂപ്രണ്ട്<br>താലൂക്ക് ആശുപത്രി, പാറശ്ശാല | | (വിലാസം ലഭ്യമായില്ല) |

| | |
|---|---|
| ഡോ. ജവഹർ.ജെ.എസ്. മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൂവ്വാർ | W.J.നിവാസ്, ലൂയിസ് കോമ്പൗണ്ട് മങ്കട, തിരുമല പി.ഒ. |
| ഡോ.മിനി.എസ്. മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പൂവ്വാർ | രോഹിണി, വെങ്ങാനൂർ പി.ഒ, |
| 1. ശ്രീമതി ജയറാണി. എൽ.എസ്. അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ<br>2. ശ്രീമതി ഐറിൻ, അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ. | 1) ആരഭി, കാണകുളം, കുളത്തൂർ, ഉച്ചക്കട പി.ഒ<br>2) സബർമതി, സത്യൻനഗർ, എസ്റ്റേറ്റ് .പി.ഒ. പാപ്പനംകോട്. |
| ശ്രീ. ബിജു കുമാർ .പി. പട്ടികജാതി വികസന ആഫീസർ | കാഞ്ഞിരക്കാട് പടിപ്പുര പുത്തൻ വീട്, വ്ലാത്താങ്കര, |
| 1.ശ്രീ. കെ.രാജേന്ദ്രൻ, സെക്രട്ടറി | 1.തിരുവോണം,ഉദിയൻകുളങ്ങര, ആറയൂർ.പി.ഒ |
| 2. ശ്രീ. വി.സുരേന്ദ്രൻ, അഡീഷണൽ ചാർജ്. | 2.ശ്രീനിലയം,റ്റി.സി.48/98(2) അമ്പലത്തറ, പൂന്തുറ പി.ഒ |
| 3. ശ്രീ. അജയ്‌രാജ്. എസ്, | 3. ശ്യാം നിവാസ്, ഇളമാട് പി.ഒ, അമ്പലമുക്ക്, കൊല്ലം – 691533 |

ഭരണസമിതി അംഗങ്ങൾ

| പേര് | അഡ്രസ്സ് | ഡിവിഷൻ നമ്പർ |
|---|---|---|
| വി.ആർ.സലൂജ | പനനിന്ന പുത്തൻ വീട്, മാളുട്ടം, തിരുപുറം | 3 |
| എസ്.ആര്യദേവൻ | ശിവാനന്ദവിലാസം, അരുമാനൂർ പൂവ്വാർ പി.ഒ | 14 |
| ഷീജ.എസ്. | ചെമ്മണ്ണുവിള വിട്, കാരോട്, കാരോട് പി.ഒ | 10 |
| എ.മോഹൻ ദാസ് | പനവിളാകം പുത്തൽ വീട് തിരുപുറം പി.ഒ | 2 |
| മഞ്ജുസ്മിത | സമീരം, നീലറതലയ്ക്കൽ , പരശുവയ്ക്കൽ പി.ഒ. | 6 |
| രാജേഷ് ചന്ദ്രദാസ് | രാജേഷ് കോട്ടേജ്, പരണിയം പൂവ്വാർ.പി.ഒ | 1 |
| നിർമ്മല കുമാരി ജെ. | കാന്തല്ലൂര തരിശ് വീട് പോരന്നൂർ, പ്ലാമൂട്ട്ക്കട പി.ഓ. | 4 |
| നിർമ്മല കുമാരി കെ. | എസ്.എൻ.നിവാസ് ചെറുവട്ടൂർ പൊറ്റ, പരശുവയ്ക്കൽ പി.ഒ. | 5 |

| | | |
|---|---|---|
| വൈ. സതീഷ് | തരിശിൽ വീട് കരുമാനൂർ പാറശ്ശാല പി.ഒ | 7 |
| പി.പി.ഷിജു | പരുത്തിവിളവീട് ചൂരക്കുഴി , വട്ടൂർക്കോണം അയിര.പി.ഒ | 8 |
| ഗ്ലാഡി ഗ്രേസ് | കാർമൽ, എള്ളുവിള, കാന്തളൂർ പ്ലാമൂട്ടുക്കട പി.ഒ. | 9 |
| എ.ജോൺ ബോസ്കോ | ഫിഷർമെൻ കോളനി, സൗത്ത് കൊല്ലംകോട് പൊളിയൂർ പി.ഓ. | 11 |
| കെ.സന്തോഷ് കുമാർ | മാണിക്കവിളാകം, നല്ലൂർവട്ടം, പ്ലാമൂട്ട്ക്കട പി.ഓ | 12 |
| ബ്യൂലാ ഏഞ്ചൽ | ജോസ് നിവാസ്, പാഞ്ചിക്കാല, അരുമാനൂർ പൂവ്വാർ.പി.ഓ. | 13 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 1 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 06.06.2018 | 10 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 09.06.2017 | 11 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1166/2018 തീയതി 04.06.2018 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി.1/1845/2018 തീയതി 15.10.2018 | 10 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./68/2020 തീയതി 17.02.2020 | 26 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ബി.പി./303/2022 തീയതി 05.03.2022 | 33 |

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്